നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# അഴിമതിയുടെ അവതാരം



ഇന്ത്യയിലെ ഏറ്റവും വലിയ ഹൈക്കോടതിയായ അല്ലാഹാബാദ് ഹൈക്കോടതിയെ അഴിമതിയിൽ വെല്ലാൻ ഒരു കോടതിക്കും കഴിയില്ല.

145

മെയ് 2009

# ഇൻഫർമേഷൻ കമ്മീഷൻ കോടതിക്കെതിരല്ല

**ഇ**ൻഫർമേഷൻ കമ്മീഷൻ, കോടതിക്കെതിരാണെന്ന ധാരണ തീർത്തും തെറ്റാണെന്ന് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ വജാഹത് ഹബീബുള്ള ദൽഹിയിലെ പ്രസ്സ് അസോസിയേഷൻ സംഘടിപ്പിച്ച ഒരു ചോദ്യോത്തര വേളയിൽ പ്രസ്താവിച്ചു.

വിവരാവകാശ നിയമം പാസാക്കിയത് പാർലിമെന്റാണ്; പാർലിമെന്റ് പാസാക്കിയ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ട ചുമതല ഇൻഫർമേഷൻ കമ്മീഷനാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിവരാവകാശ നിയമം ശരിക്കും രൂപം കൊണ്ടുകഴിഞ്ഞിട്ടില്ല. അതിന്റെ അതിർവരമ്പുകൾ ഇനിയും പൂർണമായും നിർണയിക്കപ്പെട്ടിട്ടുമില്ല എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയാണെങ്കിൽ നിയമം ഭേദഗതി ചെയ്തുകൂടേ എന്ന ചോദ്യം അദ്ദേഹം തിരസ്കരിച്ചു. ഇന്നിപ്പോൾ ഭേദഗതിയുടെയൊന്നും ആവശ്യമില്ല. കോടതിയും ഇൻഫർമേഷൻ കമ്മിഷനും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. അത് അവർതന്നെ പരിഹരിച്ചുകൊള്ളുമെന്ന് ഹബീബുള്ള പറഞ്ഞു.

ജനങ്ങളുടെ നന്മയാണ് നിയമത്തിന്റെ ലക്ഷ്യം; കോടതിയുടെ ലക്ഷ്യവും അതുതന്നെയാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിവരാവകാശ നിയമത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ധാരണയുണ്ടാക്കുന്നതിന്ന് ഇൻഫർമേഷൻ കമ്മീഷൻ പത്രങ്ങളുടെ സഹകരണം തേടി. അതേസമയം ഈ നിയമത്തെ നിസ്സാരകാര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുന്നത് തടയുകയും വേണം.

വിവരാവകാശനിയമത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധമുണ്ടാക്കുന്ന ബാധ്യത നിയമപ്രകാരം സർക്കാരിന്നാണ്. പക്ഷെ ഇക്കാര്യത്തിൽ സർക്കാർ വിജയിച്ചുവെന്നു പറയാനാവില്ല. സർക്കാർ അതിന്റെ ചുമതല നിർവ്വഹിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ശൂന്യത നികത്താൻ പത്രക്കാർ മുന്നോട്ടു വരണമെന്ന് ഹബീബൂള്ള അഭ്യർത്ഥിച്ചു. വിവരാവകാശ നിയമം ഉപയോഗപ്പെടുത്തുന്ന കാര്യത്തിലും ദുരുപയോഗപ്പെടുത്തുന്ന കാര്യത്തിലും ജനങ്ങളെ ബോധവൽക്കരിക്കാൻ മാധ്യമങ്ങൾക്കാണ് കൂടുതൽ കഴിയുകയെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിവരാവകാശ നിയമത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധമുളവാക്കുന്ന കാര്യത്തിൽ സന്നദ്ധ സംഘടനകൾ വലിയ സേവനമാണ് നിർവ്വഹിച്ചു വരുന്നത്. പക്ഷെ ചിലപ്പോൾ വ്യക്തികളുടെ സ്വകാര്യ ജീവിതത്തിൽ ഇടപെടുന്ന പ്രശ്നം ഉത്ഭവിക്കുന്നുണ്ട്. ഒരു പൗരന്റെ സ്വകാര്യ ജീവിതാവകാശങ്ങൾ സംരക്ഷിക്കുന്ന നിയമമൊന്നും ഇന്ത്യയിലില്ല. അത്തരം സാഹചര്യങ്ങളിൽ ബ്രിട്ടനിലെ നിയമത്തെ ആശ്രയിക്കേണ്ടി വരുന്നു. ഇതു ചില വൈരുധ്യങ്ങൾക്കിടയാക്കാറുണ്ടെന്ന് ഹബീബുള്ള സമ്മതിച്ചു. ❑



ജനനീതി

മെയ് 2009
145

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# മൻമോഹൻ സിങ് തിരഞ്ഞെടുപ്പിൽ മത്സരിക്കണം

**തി**രഞ്ഞെടുപ്പിൽ മത്സരിച്ച് ലോക്സഭാംഗമാകാൻ പ്രധാനമന്ത്രി മൻമോഹൻസിങ് ശ്രമിക്കണമെന്ന എൽ.കെ. അദ്വാനിയുടെ ആവശ്യം ന്യായം മാത്രമല്ല ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണത്തെ ശക്തിപ്പെടുത്തുന്നതുമാണ്. പ്രധാനമന്ത്രി സ്ഥാനത്തേക്ക് ബി.ജെ.പി. നിർദ്ദേശിച്ചിട്ടുള്ള ആളും നിലവിലുള്ള പ്രതിപക്ഷ നേതാവുമാണ് അദ്ദേഹം. നിലവിലുള്ള പ്രധാനമന്ത്രിയായ ഡോ. മൻമോഹൻ സിങ്ങാകട്ടെ ലോകസഭാംഗമല്ല; രാജ്യസഭാംഗമാണ്.

ഒരു രാജ്യത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ച ആളാകണമെന്നത് ജനാധിപത്യരീതിയുടെ അടിസ്ഥാന പ്രമാണമാണ്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ തുടങ്ങിയ ജനാധിപത്യ രാജ്യങ്ങളിലെല്ലാംതന്നെ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചവരേ പ്രധാനമന്ത്രിപദമേറ്റിട്ടുള്ളൂ. ഇന്ത്യയിലും 1947 മുതൽ 2004 വരെ അതായിരുന്നു സ്ഥിതി. ഇന്ത്യയിൽ ലോക്സഭാംഗമല്ലാത്ത ചിലർ പ്രധാനമന്ത്രി പദത്തിലെത്തിയിട്ടില്ലെന്നില്ല. എന്നാൽ അവരെല്ലാം അദ്യം കിട്ടുന്ന അവസരത്തിൽതന്നെ ലോകസഭാംഗമായിട്ടുണ്ട്. ചില ലോകസഭാംഗങ്ങളെ പിടികൂടി രാജിവയ്പിച്ച്, അങ്ങനെയുണ്ടാകുന്ന ഒഴിവിൽ മത്സരിച്ച് ജയിച്ച്, ലോകസഭയിലെത്തിയ പ്രധാനമന്ത്രിമാരും നമുക്കുണ്ടായിരുന്നു. 1991 ൽ നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം ലോകസഭാംഗമായിരുന്നില്ല. റാവുവിന് ലോകസഭാംഗമാകാൻ വേണ്ടി മാത്രം മേഡക്കിൽനിന്നു ജയിച്ചിരുന്ന കോൺഗ്രസ്സുകാരനെക്കൊണ്ടു രാജിവയ്പിച്ച് ഒഴിവുണ്ടാക്കുകയാണുണ്ടായത്. അടിയന്തരാവസ്ഥക്കു

ശേഷം 1977ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തോൽക്കുകയും ഉത്തരേന്ത്യയിൽ എവിടെ മത്സരിച്ചാലും തോൽക്കുമെന്ന് ഉറപ്പാകുകയും ചെയ്തപ്പോൾ, കർണ്ണാടക മുഖ്യമന്ത്രി ദേവരശ് ചിക് മഗളൂർ സീറ്റ് ഒഴിവാക്കിക്കൊടുത്ത് ഇന്ദിരാഗന്ധിയെ ലോകസഭയിലെത്തിച്ചത് പ്രസിദ്ധമാണ്. കൃത്രിമരേഖയുണ്ടാക്കി സഭാംഗമായി പ്രധാനമന്ത്രിപദത്തിൽ പിടിച്ചുകയറാനല്ല അവരന്നു ശ്രമിച്ചത്.

പ്രധാനമന്ത്രി ഒരു ജനപ്രതിനിധിയായിരിക്കണം. തിരഞ്ഞെടുത്ത് അധികാരത്തിലെത്തിക്കുന്നതുപോലെത്തന്നെ, അധികാരത്തിൽനിന്ന് ഇറക്കിവിടാനും ജനങ്ങൾക്ക് കഴിവുണ്ടാകണം. ഇന്ദിരാഗാന്ധി ജനപ്രതിനിധിയായിരുന്നതുകൊണ്ടാണ് 1977 ൽ അവരെ തോൽപ്പിക്കാനും അവരും കോൺഗ്രസ്സും അനുവർത്തിച്ചുവന്നിരുന്ന ദുർനയങ്ങൾക്ക് അറുതി വരുത്താനും കഴിഞ്ഞത്. ഒരു ജനപ്രതിനിധി എന്നതിന്നു പകരം ഇന്ദിരാഗാന്ധി ഒരു രാജ്യസഭാംഗമായിരുന്നുവെന്നു കരുതുക. അങ്ങനെയായിരുന്നുവെങ്കിൽ, അവരേയോ അവരുടെ ശിങ്കിടികളേയോ തോൽപ്പിക്കാൻ കഴിയുമായിരുന്നില്ല. സകലരേയും തോൽപ്പിച്ചാൽതന്നെ, പ്രധാനമന്ത്രിയും കൂട്ടരും രാജ്യസഭാംഗങ്ങളെന്ന നിലയിൽ അധികാരത്തിൽ തുടരുമായിരുന്നു.

ഇക്കൊല്ലം 1977 ആവർത്തിച്ചുവെന്നു കരുതുക. എന്തു സംഭവിക്കും? ആരെല്ലാം തോറ്റാലും ശരി, പ്രധാനമന്ത്രി തോൽക്കില്ല; അദ്ദേഹം രാജ്യസഭാംഗമാണ്. 1977 ൽ അടിയന്തിരാവസ്ഥയായിരുന്നുവെങ്കിൽ 2009 ൽ ജനങ്ങളെ ഏറ്റവും ക്ഷോഭിപ്പിച്ചിരിക്കുന്നത് ആണവകരാറാണ്. എന്നാൽ ജനങ്ങൾക്ക് എത്ര തന്നെ ക്ഷോഭമുണ്ടെങ്കിലും പ്രധാനമന്ത്രിയെ തോൽപ്പിക്കാനാവില്ല. അതുപോലെതന്നെ വിദേശകാര്യമന്ത്രിയും രാജ്യസഭാംഗമാണ്; ദേശരക്ഷാമന്ത്രിയും രാജ്യസഭാംഗമാണ്. ഇവരെയൊന്നും തോൽപ്പിക്കാനാവില്ലെങ്കിൽ പിന്നെ ഈ തിരഞ്ഞെടുപ്പുകൊണ്ടെന്താണ് കാര്യം? പാവം സയ്യദിനെ തോൽപ്പിച്ചുവിട്ടിട്ടെന്താണ് കാര്യം?

ഒന്നാമത്തെ ലോകസഭയിലുണ്ടായ ഒരു സംഭവം ഇവിടെ സ്മരണീയമാണ്. അന്ന് ലോകസഭ നിറയെ കോൺഗ്രസ്സുകാരായിരുന്നു; കോൺഗ്രസ്സുകാരെന്നു പറഞ്ഞാൽ പോരാ അതി പ്രഗത്ഭരായ കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റുകാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സഭയുടെ മൊത്തം അംഗസംഖ്യയുടെ പത്തിലൊന്നെങ്കിലും അംഗസംഖ്യയുള്ള പാർട്ടിയെ മാത്രമേ പ്രതിപക്ഷ കക്ഷിയായി അംഗീകരിക്കൂ. അതിനാൽ ലോകസഭയിൽ ദീർഘകാലത്തേക്ക് പ്രതിപക്ഷ കക്ഷി എന്ന ഒന്നുണ്ടായിരുന്നില്ല. ഏതോ പത്രക്കാരൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ, പ്രതിപക്ഷത്തെ ഉണ്ടാക്കേണ്ട ഭാരം തന്റേതല്ലെന്ന് പ്രധാനമന്ത്രി നെഹ്റു ഫലിതം പറയുകയുണ്ടായി.

അങ്ങനെ ലോകസഭ കോൺഗ്രസ്സുകാരാൽ നിബിഡമായിരുന്ന അവസരത്തിൽ പ്രധാനമന്ത്രി നെഹ്റു ഒരു രാജ്യസഭാംഗത്തെ മന്ത്രിസഭയിലെടുത്തു. പാർട്ടിയിൽ ശല്യമുണ്ടാക്കിക്കൊണ്ടിരുന്ന ഒരാളെ ആദ്യം രാജ്യസഭാംഗമായി നോമിനേറ്റ് ചെയ്യുകയും അവിടെ നിന്ന് കേന്ദ്ര മന്ത്രിസഭയിലേക്ക് എടുക്കുകയുമാണുണ്ടായത്. ഇതിൽ പ്രതിഷേധിക്കാൻ കോൺഗ്രസ്സുകാരാരും ധൈര്യപ്പെട്ടില്ലെങ്കിലും പ്രതിപക്ഷക്കാർ ഈ നടപടിയെ എതിർത്തു. ലോക്സഭയിൽ നിറയെ പ്രഗത്ഭരായ കോൺഗ്രസ്സുകാരുള്ളപ്പോൾ രാജ്യസഭയിൽ നിന്നൊരാളെ മന്ത്രിയാക്കേണ്ട കാര്യമെന്താണെന്നായിരുന്നു അവരുടെ ചോദ്യം.

തികഞ്ഞ പാർലിമെന്റേറിയനായിരുന്ന നെഹ്റു ആ ചോദ്യത്തിലെ യുക്തി മനസ്സിലാക്കി. അദ്ദേഹത്തിന്റെ മറുപടി വിനയത്തോടെയായിരുന്നു. ചില സാഹചര്യങ്ങളിൽ രാജ്യസഭാംഗത്തേയും മന്ത്രിസഭയിൽ എടുക്കേണ്ടി വരു മെന്നും എന്നാൽ പ്രധാനമന്ത്രി ലോകസഭാംഗം തന്നെയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ ഇപ്പോൾ ഇന്ത്യയിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത് നേരെ മറിച്ചാണ്; രാജ്യസഭാംഗം രൂപീകരിക്കുന്ന മന്ത്രിസഭയിലേക്ക് ലോക്സഭാംഗങ്ങളെ എടുക്കുന്ന ഏർപ്പാടാണ് ഇന്ത്യയിൽ ഇന്നുള്ളത്. ഇതിന്നുമുമ്പ് ഇവിടെ പ്രധാനമന്ത്രിയായിട്ടുള്ളവരെല്ലാം തന്നെ, അവർ ലോക്സഭാംഗമല്ലെങ്കിൽ, ഏറ്റവും ആദ്യം കിട്ടുന്ന അവസരത്തിൽ ലോകസഭാംഗമാകുന്ന ഏർപ്പാടാണ് ഇവിടെ ഉണ്ടായിരുന്നത്. 1991ൽ നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം മേഢക്കിലെ എം.പി.യെക്കൊണ്ട് രാജി വയ്പിച്ച് അവിടെ മത്സരിക്കുകയാണുണ്ടായത്.

ഇവിടെ ധാർമ്മികതയുടേതായ ഒരു പ്രശ്നംകൂടി ഉൾപ്പെട്ടിട്ടുണ്ട്. ഡോ. മൻമോഹൻ സിങ് രാജ്യസഭാംഗമായിരിക്കുന്നത് ആസാംകാരനെന്ന നിലക്കാണ്. രാജ്യസഭാ തിരഞ്ഞെടുപ്പിന്നുള്ള പ്രധാനപ്പെട്ട ഒരു വ്യവസ്ഥ, സ്ഥാനാർത്ഥി ആ സംസ്ഥാനക്കാരനായിരിക്കണം എന്നതാണ്. ഒട്ടേറെ പേർ ഈ വ്യവസ്ഥ ലംഘിച്ചിട്ടുണ്ടെന്നത് ശരിയാണ്. ജീവിതത്തിലൊരിക്കലും കേരളത്തിൽ കാൽകുത്തിയിട്ടില്ലാത്ത ഒരാൾക്ക് വേണമെങ്കിൽ കേരളത്തിന്റെ പ്രതിനിധിയായി രാജ്യസഭയിലെത്താം. കേരളത്തിൽ എവിടെയെങ്കിലും ഒരു മുറി വാടകക്കെടുത്ത് ഒരു റേഷൻകാർഡ് സംഘടിപ്പിച്ചാൽ, അയാൾക്ക് കേരളീയനെന്ന നിലയിൽ മത്സരിക്കാൻ അർഹതകിട്ടും. ഇന്നു രാജ്യസഭയിലുള്ളവരിൽ പലരും ഇത്തരക്കാരാണ്; അതിലൊരാളാണ് മൻമോഹൻ സിങ്.

മൻമോഹൻ സിങ് പഞ്ചാബുകാരനാണ്. പക്ഷെ കോൺഗ്രസ്സിന്ന് അവിടെ സംഖ്യാബലം കുറവാകയാൽ ആസാം വഴിയാണ് അദ്ദേഹം രാജ്യസഭയിലെത്തിയത്. മറ്റു പലരും കാണിക്കുന്ന വിദ്യതന്നെയാണ് മൻമോഹൻ സിങ് കാണിച്ചിരിക്കുന്നതെങ്കിലും പ്രധാനമന്ത്രി പദത്തിലിരിക്കുന്ന ഒരാളിൽ നിന്ന് നാം അല്പം ധാർമ്മികത പ്രതീക്ഷിക്കുന്നു. ഇന്ത്യയിൽ കോൺഗ്രസ്സിന്ന് പാട്ടും പാടി ജയിക്കാവുന്ന എത്രയോ മേഢക് മണ്ഢലങ്ങളുണ്ട്; ചിക് മംഗളൂരുകളുണ്ട്. ഡോ. മൻമോഹൻ സിങിനെ അവിടെയൊന്നും സ്ഥാനാർത്ഥിയാക്കാതെ രാജ്യസഭയിൽതന്നെ നിലനിർത്തുന്നത് ജനാധിപത്യ സംവിധാനത്തോട് കാണിക്കുന്ന ധിക്കാരമാണ്.

നെഹ്റു പറഞ്ഞതു പോലെ, പ്രധാനമന്ത്രി ലോക്സഭാംഗം തന്നെയായിരിക്കണം. തന്റെ നയങ്ങൾക്കും പ്രവൃത്തികൾക്കുമെതിരെ ജനങ്ങൾ വോട്ടു ചെയ്യുമെന്ന പേടിയുണ്ടെങ്കിൽ മാത്രമേ പ്രധാനമന്ത്രിമാർ സദ്ഭരണത്തിന്ന് ശ്രദ്ധിക്കൂ. താനെന്തു ചെയ്താലും തന്റെ സ്ഥാനത്തിന്നൊരു അപകടവും സംഭവിക്കുകയില്ല എന്ന ധൈര്യം കൊണ്ടാണല്ലോ മൻമോഹൻ സിങ് പ്രസിഡണ്ട് ബുഷുമായി അണു കരാർ ഉണ്ടാക്കിയത്. ഇത്തരം സാഹചര്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ പ്രധാനമന്ത്രിപദം വഹിക്കുന്നത് ലോക്സഭാംഗം തന്നെയായിരിക്കണമെന്നൊരു ഭരണഘടനാ ഭേദഗതി കൊണ്ടുവരേണ്ടിയിരിക്കുന്നു. പക്ഷെ ഗുരുതരമായ ഈ പ്രശ്നം ഉന്നയിച്ച അദ്വാനി പോലും അങ്ങനെയൊരു ഉറപ്പു നൽകാൻ തയ്യാറാവുന്നില്ല. ❑

# ഇന്ത്യക്കാരുടെ സഹിഷ്ണുതയും സദാചാരപ്രശ്നവും

- വിജയ് നാഗസ്വാമി -

**ഇ**ൗയിടെ മംഗലാപുരത്തും ബാംഗളൂരിലും ഉണ്ടായ സംഭവങ്ങളും തുടർന്ന് നാനാതരം മാധ്യമങ്ങളിൽ നടന്ന വിവാദങ്ങളും എല്ലാവരും ശ്രദ്ധിച്ചിരിക്കും. അതിലെ രാഷ്ട്രീയവും മറ്റും മാറ്റിനിർത്തിയാൽ അവശേഷിക്കുന്നത് സഹിഷ്ണുതയുടെ പ്രശ്നവും സദാചാരത്തിന്റെ പ്രശ്നവുമാണ്.

ഇന്ത്യൻ സംസ്ക്കാരത്തിന്റെ വക്താക്കൾ ഇന്ത്യ എത്രമാത്രം സഹിഷ്ണുത കാണിച്ചിരുന്നുവെന്ന് ആവർത്തിച്ചു പറയും. ഈ സഹിഷ്ണുതയുടെ ആധിക്യംമൂലം വിദേശികൾ വീണ്ടും വീണ്ടും ഇന്ത്യയെ കീഴടക്കിക്കൊണ്ടിരിക്കുകയാണെന്ന് അവർ പറയും. ഈ സഹിഷ്ണുതയൊക്കെ ഇപ്പോൾ എവിടെ പോയി? മദ്യശാലയിൽ സ്ത്രീകൾക്കെതിരെ നടന്ന ആക്രമണംപോലെയുള്ള സംഭവങ്ങളെപ്പറ്റി പത്രങ്ങളിൽ വായിക്കുകയും ടെലിവിഷനിൽ കാണുകയും ചെയ്യുമ്പോൾ, ഒരു രാഷ്ട്രമെന്ന നിലയിൽ നാം തീരെ സഹിഷ്ണുതയില്ലാത്തവരായി എന്നാണ് തോന്നുക. ദേശീയമോ സാമൂഹികമോ ആയ കാര്യങ്ങളിൽ മാത്രമല്ല, കുടുംബകാര്യങ്ങളിൽപോലും നാം സഹിഷ്ണുതയില്ലാത്തവരായിരിക്കുന്നു. നിസ്സാര കാര്യങ്ങളെച്ചൊല്ലി ഭാര്യാഭർത്താക്കന്മാർ കുടുംബ കോടതിയിൽ കയറിനിന്ന് തർക്കിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിൽ വഴക്കുണ്ടാക്കുന്നു; സഹോദരീ-സഹോദരന്മാർ കോടതി കയറി പരസ്പരം വിഷം വമിക്കുന്നു. അയൽക്കാർക്കിടയിൽ ശബ്ദത്തിന്നുപോലും അതിലംഘിക്കാനാവാത്തത്ര വലിയ മതിലുകൾ കെട്ടിയുയർത്തുന്നു.

നമ്മുടെ സമൂഹഘടന തകരുന്നു എന്നാണോ ഇതിന്റെയെല്ലാം അർത്ഥം? തീർച്ചയായും അല്ല. ഒരായിരം കൊല്ലക്കാലം നാനാവിധ നാണക്കേടുകൾക്ക് ഇരയാകേണ്ടി വന്ന ഒരു ജനത ഇപ്പോൾ ഉണർന്നെഴുന്നേറ്റിരിക്കുന്നുവെന്നേ അർത്ഥമാക്കേണ്ടു. തങ്ങൾക്കും കരുത്തുണ്ടെന്നും എല്ലാതരം പീഡനങ്ങളും സഹിക്കാൻ വിധിക്കപ്പെട്ടവരൊന്നുമല്ല തങ്ങളെന്നും അവർ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. നമ്മൾ കൂടുതൽ സഹിഷ്ണുത കാണിക്കുമ്പോൾ, നമ്മെ അത്രക്കും കന്നുകാലികളുടെ സ്ഥിതിയിലാക്കുകയാണ് ഇതുവരെ ചെയ്തുവന്നിരുന്നത്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ അസഹിഷ്ണുത എന്നതൊരു ദുർഗുണമൊന്നുമല്ല. കാരണം, അത് നമ്മെ കർമ്മോന്മുഖരാക്കുന്നു. എന്നാൽ നമ്മുടെ പ്രവൃത്തി എങ്ങനെയെന്നതിനനുസൃതമായി അസഹിഷ്ണുത വിവേകപൂർവ്വമാകാം, വിവേകശൂന്യവുമാകാം.

നമ്മൾ ഒരു ബോധവൽക്കരണ പ്രസ്ഥാനം ആരംഭിക്കുമ്പോൾ, അത് യുക്തിസഹമായ അസഹിഷ്ണുതയാണ്. നാം അവിടെ ചർച്ചക്കുമുതിരുന്നു; സംവാദം നടത്തുന്നു; സാമൂഹ്യപ്രവർത്തനം നടത്തുന്നു. നേരെ മറിച്ച് ഒരു കാര്യത്തിന്നെതിരെ നാം തെറി പറയുകയാണെങ്കിൽ, അത് വിവേകശൂന്യമായ അസഹിഷ്ണുതയാണ്. ജനങ്ങളെ പറഞ്ഞിളക്കിവിടൽ, കോലം കത്തിക്കൽ, വാലന്റീൻ കാർഡ് വിൽക്കുന്ന കടകളുടെ നേരെ ആക്രമണം നടത്തൽ, മദ്യശാലയിൽപോയതിന്നോ പുരുഷന്മാരോട് സംസാരിച്ചതിനോ നിസ്സഹായരായ പെൺകുട്ടികളെ ആക്രമിക്കൽ എന്നിവയെല്ലാം വിവേകശൂന്യമായ അസഹിഷ്ണുതയാണ്.

ഇതിനോട് ബന്ധപ്പെട്ടതാണ് സദാചാരപ്രശ്നം. നിങ്ങളൊരു തത്വചിന്തകനാണെങ്കിലും മന:ശാസ്ത്രജ്ഞനാണെങ്കിലും സദാചാരമെന്നത് വ്യക്തിപരമാണ്. സദാചാരസംബന്ധമായ പ്രശ്നങ്ങൾ വിവേകശൂന്യമായ അസഹിഷ്ണുതക്കിടയാക്കുന്നുവെന്നതാണ് കൗതുകകരമായ കാര്യം. നിങ്ങൾ സദാചാരത്തെപ്പറ്റിപ്പറയുമ്പോൾ നിങ്ങളുടെ മനസ്സിലുള്ളതെന്താണ്? ആർജ്ജവബുദ്ധിയാണോ? സത്യസന്ധതയാണോ? കുടുംബബന്ധമാണോ? വാസ്തവത്തിൽ നിങ്ങളുടെ മനസ്സിൽ ഈ വേവലാതിയൊന്നുമുണ്ടാകില്ല. നിങ്ങൾ വേവലാതിപ്പെടുന്നത് വെറും ലൈംഗികകാര്യത്തെക്കുറിച്ചായിരിക്കും. നമ്മൾ അഴിമതിയെപ്പറ്റി ക്ഷോഭിക്കാറുണ്ട്. പക്ഷെ അത് സദാചാരത്തിന്റെ വകുപ്പിൽ നാം പെടുത്താറില്ല. മൂല്യങ്ങൾ ക്ഷയിക്കുന്നുവെന്ന് നമ്മൾ പരാതിപ്പെടുമ്പോൾ കന്യകാത്വം, പാതിവ്രത്യം തുടങ്ങിയവയാണ് നമ്മുടെ മനസ്സിലുണ്ടാവുക.

അതിപുരാതനകാലത്തുതന്നെ കാമസൂത്രം രചിക്കുകയും പ്രചരിക്കുകയും ചെയ്ത നാട്ടിൽ ഇത്തരത്തിൽ ലൈംഗികതാ ഭ്രാന്തുണ്ടാകുന്നത് ഒരു വിരോധാഭാസമാണ്. 5000 കൊല്ലം നീണ്ടുനിൽക്കുന്ന നമ്മുടെ ഭൂതകാലത്ത് ലൈംഗികത എന്ന ഒന്ന് ഉണ്ടായിരുന്നില്ല എന്ന തോന്നലാണിതുണ്ടാക്കുന്നത്.

ലൈംഗികത സംബന്ധിച്ച മനോഭാവം തീർത്തും വ്യക്തിഗതമാണെന്നതിൽ അശേഷം സംശയമില്ല. ഓരോ വ്യക്തിയും അയാളുടെ മൂല്യബോധമനുസരിച്ച് ലൈംഗികതയെ സമീപിക്കുന്നു. ആധുനിക ലോകത്തിൽ ലൈംഗികത ഒരു പ്രധാന ഘടകമാണെന്ന് അംഗീകരിക്കേണ്ടതുണ്ട്. അടിച്ചമർത്തപ്പെട്ട ലൈംഗികതയിലാണ് നാമിന്ന് ജീവിക്കുന്നത്. ശിശുക്കൾക്കെതിരായ ലൈംഗിക പീഡനം, പെൺവേട്ട, ബലാത്സംഗം, വീടിന്റെ ചുവരുകൾക്കകത്തും പുറത്തും നടക്കുന്ന സ്ത്രീപീഡനം തുടങ്ങിയ അതിക്രമങ്ങളിലെല്ലാം പീഡിപ്പിക്കപ്പെടുന്നത് പുരുഷന്മാരല്ല; സ്ത്രീകളാണ്.

അനിയന്ത്രിത ലൈംഗികതക്ക് ഞാൻ അനുകൂലമല്ല. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം ആത്യന്തികമായി വിനാശകരമാണെന്നും ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഇത്തരം കാര്യങ്ങളിൽ വിവേകപൂർവ്വമായ ചർച്ചക്കു സ്ഥാനമുണ്ടെന്നു ഞാൻ കരുതുന്നു. നഗരപ്രദേശങ്ങളിലെ ഇടത്തരക്കാരെ ബാധിക്കുന്ന കാര്യങ്ങളാണിവയെന്ന വസ്തുതയും മറക്കരുത്. മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കാൻ തയ്യാറുള്ളവർക്കേ ഇത്തരം .ചർച്ചകളിൽ പങ്കെടുക്കാൻ കഴിയൂ. സദാചാരം എന്നുപറഞ്ഞാൽ സ്ത്രീകളുടെ ലൈംഗികത എന്ന് അർത്ഥമാക്കുന്നവർക്ക് ഈ ചർച്ചകൊണ്ട് ഫലമുണ്ടാവില്ല.

വിവേകപൂർവ്വമായ അസഹിഷ്ണുത നല്ലതാണ്; നമുക്ക് മാർഗ്ഗദർശനം നൽകുന്നത് അതാകണം. നമ്മുടെ രാഷ്ട്രത്തിന്ന് ജനാധിപത്യപരമായ അടിത്തറ പാകിയ കാരണവന്മാരുടെ സമ്പ്രദായങ്ങളും പ്രക്രിയകളും നാം അംഗീകരിക്കണം. ❑

# ഒരു പത്രത്തിന്റെ മരണം

പടിഞ്ഞാറൻ അമേരിക്കയിലെ വാഷിങ്ടൺ സംസ്ഥാനത്തിലെ സീറ്റിൽ എന്ന പട്ടണത്തിൽ കഴിഞ്ഞ 146 വർഷമായി പ്രസിദ്ധീകരിച്ചുവരുന്ന സീറ്റിൽ പോസ്റ്റ് ഇന്റലിജൻസർ എന്ന ദിനപത്രം സാമ്പത്തിക ഞരുക്കങ്ങളുടെ പിടിയിൽപെട്ട് കഴിഞ്ഞ മാർച്ച് 17ന്ന് പൂട്ടി.

കുറെ കാലമായി നഷ്ടത്തിലായിരുന്ന പത്രത്തിന്ന് കഴിഞ്ഞ കൊല്ലം 140 ലക്ഷം ഡോളർ നഷ്ടം വന്നതോടെ അതിന്റെ ഉടമസ്ഥരായ ഹേഴ്സ്റ്റ് കോർപ്പറേഷൻ പത്രം പൂട്ടാൻ തീരുമാനിക്കുകയാണുണ്ടായത്.

അമേരിക്കയിൽ ദേശീയമെന്നു പറയാവുന്ന ഒരു പിടി പത്രങ്ങളേയുള്ളൂ. മറ്റു മിക്ക പത്രങ്ങളും പ്രാദേശിക പത്രങ്ങളാണ്. തങ്ങൾ ജീവിക്കുന്ന നഗരത്തിന്നപ്പുറത്ത് ഒരു ലോകമുണ്ടെന്ന് അറിയാത്തവരാണ് മിക്ക അമേരിക്കക്കാരും. നഗരകേന്ദ്രീകൃതമായ ഈ പത്രങ്ങളിൽ ഒന്നൊന്നായി കൊഴിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണിപ്പോൾ.

ഡെൻവറിലെ "റോക്കി മൗണ്ടൻ ന്യൂസ്" ഒരു മാസം മുമ്പാണ് പൂട്ടിയത്. പ്രസിദ്ധമായ ക്രിസ്ത്യൻ സയൻസ് മോണിറ്റർ ഇപ്പോൾ ഓൺലൈൻ പത്രമാണ്. അരിസോണയിലെ ടക്സൺ സിറ്റിസൺ തകർച്ചയുടെ വക്കത്തെത്തി നിൽക്കുന്നു.

മറ്റു പത്രങ്ങളുടെ സ്ഥിതിയും ദയനീയമാണ്. സാംസെല്ലിന്റെ ട്രിബ്യൂണൽ കോർപറേഷൻ രണ്ടു പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട് – ചിക്കാഗോ ട്രിബ്യൂണലും ലോസ് ഏഞ്ചൽസ് ടൈംസും. രണ്ടും പാപ്പർശീട്ട് എഴുതി കഴിഞ്ഞു. അതുപോലെ മിനിയാ പോലീസിലെ സ്റ്റാർ ട്രിബ്യൂണും പാപ്പരടിച്ചു.

ന്യൂയോർക്ക് ടൈംസ് പണത്തിന്നു വേണ്ടി മെക്സിക്കോവിലെ കോടീശ്വരനായ കാർലോ സ്ലിമ്മിനെ സമീപിച്ചിരിക്കുകയാണ്.

അമേരിക്കയിലെ പത്രജീവനക്കാരിൽ അഞ്ചിലൊന്ന് കഴിഞ്ഞ അഞ്ചുകൊല്ലത്തിന്നിടയിൽ പുറത്തായിട്ടുണ്ട്. പത്രങ്ങളിൽ വരുന്ന വാർത്തകൾ 25 ശതമാനം മുതൽ 30 ശതമാനംവരെ കുറവുവന്നിട്ടുണ്ടെന്ന് പത്ര ഗവേഷകനായ കെൻ ഡോക്ടർ പറയുന്നു. പണിയെടുത്ത്




എഴുതിയുണ്ടാക്കേണ്ടതരം പ്രാദേശിക വാർത്തകൾക്കാണ് കാര്യമായ കുറവു വന്നിരിക്കുന്നത്. ദേശീയതലത്തിൽ വളരെ കുറച്ചേ റിപ്പോർട്ടുള്ളൂ. ഏതാണ്ട് 1500 വരുന്ന പത്രങ്ങൾ തന്മൂലം ശുഷ്ക്കമായിവരുന്നു.

വായനക്കാർ കുറയുന്നുവെന്നത് പുതുമയല്ല; എന്നാൽ ആ ഇടിയൽ വർദ്ധിച്ചുവരുന്നു. പത്രപ്രചാരം സംബന്ധിച്ച അമേരിക്കൻ ഓഡിറ്റ് ബ്യൂറോവിന്റെ കണക്കനുസരിച്ച് 2008 –ൽ പത്രവില്പന 4.6 ശതമാനംകണ്ട് കുറഞ്ഞു. മുൻകൊല്ലം പത്രവില്പന 2.6 ശതമാനംകണ്ടേ കുറഞ്ഞിരുന്നുള്ളൂ.

സിറ്റിലിൽ പോസ്റ്റ് ഇന്റലിജൻസിന്റെ എതിരാളിയായിരുന്ന സീറ്റിൽ ടൈംസ് നിലനില്പിന്നായി പൊരുതുകയാണ്. പോസ്റ്റ് ഇന്റലിജൻസറുടെ വായനക്കാരെ കിട്ടുമെന്നതിൽ തനിക്കശേഷം ആഹ്ലാദമില്ലെന്ന് സീറ്റിൽ ടൈംസിന്റെ ഉടമയായ ഫ്രാങ്ക് ബ്ലത്തൻ പറയുന്നു. ❑





# അല്ലാഹാബാദ് ഹൈക്കോടതിയിലെ അഴിമതി കൂത്താട്ടങ്ങൾ

- ശ്രവണ ശുക്ല -

അല്ലാഹാബാദ് ഹൈക്കോടതി 2004 ഏപ്രിൽ 17ന്ന് പത്രങ്ങളിൽ ഒരു പരസ്യം നൽകി. കോടതിയിൽ ക്ലർക്കുമാരുടെ 79 ഒഴിവുകളുണ്ടെന്നാണ് അതിൽ പറഞ്ഞിരുന്നത്. അതുവായിച്ച 23 വയസ്സുള്ള ഡി.കെ. പാണ്ഡെ സംശയം കൂടാതെ അപേക്ഷ സമർപ്പിച്ചു. സാധാരണ നിലക്കുള്ള എല്ലാ യോഗ്യതകളും അയാൾക്കുണ്ടായിരുന്നു. പാണ്ഡെയെപ്പോലെ 32500 പേർ വേറേയും അപേക്ഷകരായിട്ടുണ്ടായിരുന്നു. 3050 ക. മുതൽ 4590 ക. വരെ അടിസ്ഥാന ശമ്പളവും അതിന്നു പുറമെ അലവൻസുകളും ലഭിക്കുന്ന ജോലിയാകയാൽ അപേക്ഷകർ ധാരാളമായിരുന്നു.

പക്ഷെ ഇവരിലാർക്കും ഒന്നും കിട്ടാൻ ഒരു സാധ്യതയുമില്ലായിരുന്നുവെന്ന് ആരും മനസ്സിലാക്കിയിരുന്നില്ല. കാരണം അല്ലാഹാബാദ് ഹൈക്കോടതി സ്വജന പക്ഷപാതത്തിൽ ആണ്ടു കിടക്കുന്ന ഒന്നായിരുന്നു.

പത്രങ്ങളിൽ വന്ന പരസ്യം വെറുമൊരു ചടങ്ങുമാത്രമായിരുന്നു. ഇത്തരം കാര്യങ്ങളിൽ നിയമനത്തിന്റെ പ്രാഥമിക പടി എഴുത്തു പരീക്ഷയാണ്. പക്ഷെ അല്ലാഹാബാദ് ഹൈക്കോടതി ചടങ്ങിന്നുപോലും ഒരു എഴുത്തുപരീക്ഷ നടത്തിയില്ല. 1976 ലെ സർവ്വീസ് റൂൾസ് അനുസരിച്ച് ചീഫ് ജസ്റ്റീസിൽ നിക്ഷിപ്തമായ പ്രത്യേകാധികാരമുപയോഗിച്ച് എല്ലാ ഒഴിവിലും താൽക്കാലികക്കാരെ കയറ്റിവിട്ടു. ഹൈക്കോടതിയിലെ സർവ്വീസിൽ 50 പേരെ നിയമിച്ചു. സർക്കാർ ആപ്പീസുകളിൽ പണ്ടു പ്രയോഗിച്ചിരുന്ന തന്ത്രംതന്നെയാണ് ഇവിടെയും ഉപയോഗിച്ചത്. ആദ്യം "താൽക്കാലിക" നിയമനം നടത്തുക; പിന്നീടത് ശാശ്വതീകരിക്കുക.

പക്ഷെ പാണ്ഡെ അങ്ങനെയങ്ങ് തോറ്റ് പിന്മാറാൻ ഭാവമില്ലായിരുന്നു. അദ്ദേഹം നിയമനത്തിലെ ക്രമക്കേട് ചൂണ്ടിക്കാട്ടി ഒരു റിട്ട് ഹർജി സമർപ്പിച്ചു. അല്ലാഹാബാദ് ഹൈക്കോടതിയിൽ നടന്നുവന്നിരുന്ന അഴിമതികളുടെയെല്ലാം മറനീക്കിക്കാണിക്കുന്ന ഒന്നായിമാറി അത്. ജഡ്ജിമാർ മുതൽ ബാർ അസോസിയേഷൻവരേയും എംപ്ലോയീസ് യൂണിയൻ വരേയുമുള്ളവർ സ്വന്തക്കാരെ നിയമവിരുദ്ധമായി കോടതികളിൽ നിയമിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

1869 ൽ സ്ഥാപിതമായ അല്ലാഹാബാദ് ഹൈക്കോടതി ഇന്ത്യയിലെ ഏറ്റവും വലിയ ഹൈക്കോടതിയാണ്. പഴക്കം നോക്കിയാൽ കൽക്കത്ത ഹൈക്കോടതി കഴിഞ്ഞാൽ രണ്ടാം സ്ഥാനം അല്ലാഹാബാദിന്നാണ്. അല്ലാഹാബാദ് ഹൈക്കോടതിക്ക് ആകെ 95 ജഡ്ജിമാരാണുള്ളത്. ഇന്ന് അല്ലാഹാബാദിൽ 54 ജഡ്ജിമാരും ലഖ്നൗ ബഞ്ചിൽ 18 പേരും സേവനമനുഷ്ഠിക്കുന്നു. 23 തസ്തിക ഒഴിവായി കിടക്കുകയാണ്.

ഭീമമായ ഈ ഹൈക്കോടതിക്ക് സ്വന്തമായി ഒരു ഉദ്യോഗസ്ഥപ്പടയുണ്ട്. അതിൽ ഏതാണ്ട് 2500 പേരുണ്ടാകും. രജിസ്ട്രാർ ജനറലാണ് ഇവരുടെ മൂപ്പൻ.

പാണ്ഡെയുടെ ഈ മാതൃകയെ പിൻതുടർന്ന് മൂന്നുപേർകൂടി അഴിമതിക്കെതിരായി ഹർജി സമർപ്പിച്ചിട്ടുണ്ട്. രണ്ടു ജഡ്ജിമാർക്ക് വേണ്ടപ്പെട്ടവർ, കോടതിയിലെ ഒരു ഡസൻ ഉദ്യോഗസ്ഥ പ്രമുഖർക്ക് വേണ്ടപ്പെട്ടവർ, ഒരു ചീഫ് ജസ്റ്റീസിന്റെ പേഴ്സനൽ സെക്രട്ടറിയുടെ ബന്ധുക്കൾ, എന്നിവരെല്ലാം

കുറുക്കുവഴിയിലൂടെ നിയമനം സംഘടിപ്പിച്ചെടുത്തവരായിട്ടുണ്ട്.

അഴിമതിക്കെതിരെ ഹർജി സമർപ്പിച്ചവരിൽ ഒരാൾ ഒരു സബ്ബിൻസ്പെക്ടറുടെ മകനായ യോഗേശ് വർമ്മയാണ്. കോടതി നൽകിയ പരസ്യമനുസരിച്ച് അപേക്ഷിച്ചവർക്കായി ഒരു പരീക്ഷ നടത്തണമെന്നതായിരുന്നു വർമ്മയുടെ ആവശ്യം. എത്ര പറഞ്ഞാലും കാര്യമില്ലെന്നുവന്നപ്പോൾ വർമ്മ ഒരു പൊതുതാൽപര്യ ഹർജി സമർപ്പിച്ചു. കോടതിയുമായി ബന്ധപ്പെട്ട പതിനെട്ടു പേരുടെ ബന്ധുക്കളുടെ നിയമനത്തെ അതിൽ ചോദ്യം ചെയ്തിരുന്നു.

പക്ഷെ രണ്ടര കൊല്ലം കഴിഞ്ഞിട്ടും വർമ്മയുടെ ഹർജി വിചാരണക്കെടുത്തിട്ടില്ല. വർമ്മയും അദ്ദേഹത്തിന്റെ വക്കീലും അല്ലാഹാബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിൽ മുട്ടാത്ത വാതിലുകളില്ല. ഒന്നും തുറന്നില്ല. പൊതുതാൽപര്യ ഹർജി മന:പൂർവ്വം പൂഴ്ത്തിവച്ചിരിക്കുകയാണ്. കാരണം അതു പുറത്തെടുത്താൽ ഹൈക്കോടതിയിലെ അഴിമതിയുടെ കൂത്താട്ടം പുറത്തുവരും.

ഇതിന്നിടയിൽ പാണ്ഡേയുടെ ഹർജി പല കരണം മറിച്ചലുകളും നടത്തി. താൽക്കാലിക നിയമനം ചീഫ്ജസ്റ്റീസിന്റെ അധികാരാതിർത്തിയിൽ പെട്ടതാണെന്ന് കോടതി വാദിക്കുന്നു. അതേസമയം താൽക്കാലിക നിയമനം സംബന്ധിച്ച, 1976 ലെ നിയമം ഭേദഗതി ചെയ്യുകയും ക്ലർക്ക് എന്ന ഏർപ്പാട് വേണ്ടെന്നു വക്കുകയും അസിസ്റ്റന്റ് റവ്യൂ ഓഫീസർ എന്ന് ആ തസ്തികക്ക് പേർ മാറ്റുകയും ചെയ്തിട്ടുണ്ടെന്ന് കോടതി വാദിച്ചു. അതിനാൽ 2004 ലെ പരസ്യം കോടതി റദ്ദാക്കി; അതിന്നു പകരം 2006 ജൂലായ് 31ന്ന് 150 അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിന്നൊരു പരസ്യം നൽകി!

പക്ഷെ പാണ്ഡെ വിട്ടില്ല. 1976 ലെ റൂൾസിന്ന് അതുവരെ ഭേദഗതിയൊന്നും വരുത്തിയിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി; അതുമല്ല ക്ലർക്കിന്റെ തസ്തിക വേണ്ടെന്നുവച്ചിട്ടുമില്ല. ഇതിന്നിടയിൽ ഹൈക്കോടതിക്കുതന്നെ അബദ്ധം പറ്റി! പുതുതായി 77 ക്ലർക്കുമാരുടെ തസ്തിക അനുവദിച്ചുകൊണ്ട് 2009 ഫെബ്രുവരി 5ന്ന് ഹൈക്കോടതി തന്നെ ഒരു പരസ്യം നൽകി. ക്ലർക്കുമാരുടെ തസ്തിക നിർത്തലാക്കിക്കൊണ്ടും അത് അസിസ്റ്റന്റ്മാരുടേതാക്കിക്കൊണ്ടും 2006ൽ പുറപ്പെടുവിച്ച കല്പന കള്ളത്തരമായിരുന്നുവെന്ന് അതോടെ വ്യക്തമായി.

2007 ജൂലായ് 27ന്ന് പാണ്ഡെയുടെ ഹർജി ജ: സുനിൽ അംബവാനിയുടെ മുമ്പാകെ വന്നു. ശരിക്കുള്ള നിയമനത്തിന്ന് പരസ്യം നൽകിക്കഴിഞ്ഞിരിക്കേ താൽക്കാലിക നിയമനത്തിന്റെ ആവശ്യമെന്തായിരുന്നുവെന്ന് ജ: അംബവാനി ചോദിച്ചു. ഇത്തരത്തിൽ ഒരുപാട് താൽക്കാലിക നിയമനങ്ങൾ നടന്നിരിക്കുന്നതായി കാണുന്നുണ്ട്. ഇത് സാധാരണ അപേക്ഷകരിൽ സംശയം ജനിപ്പിക്കും. ഹൈക്കോടതിയിൽ നിയമനം കിട്ടാനുള്ള ഒരേയൊരു മാർഗ്ഗം ചീഫ് ജസ്റ്റീസിനെ പാട്ടിലാക്കലാണെന്ന് ആളുകൾ കരുതിത്തുടങ്ങും എന്ന് അദ്ദേഹം പറഞ്ഞു. താൽക്കാലിക നിയമനം തന്നെ സംശയമുണർത്തും; അങ്ങനെ നിയമിക്കപ്പെടുന്നവർ വേണ്ടപ്പെട്ടവരാണെന്നുകൂടി വരുമ്പോൾ സംശയം ബലവത്താകും എന്ന് അദ്ദേഹം പറഞ്ഞു.

പാണ്ഡെയുടെ ഹർജി വിചാരണയിലിരിക്കെത്തന്നെ, താൽക്കാലിക നിയമനം ലഭിച്ചവരിൽ ചിലരെ കോടതി സ്ഥിരപ്പെടുത്തി. ഹൈക്കോടതിയിലെ രജിസ്ട്രാർ ജനറലായ കെ.എസ്. രാക്രയുടെ ബന്ധുക്കളായിരുന്നു ഇവർ. (രാക്ര പിന്നീട് ഹൈക്കോടതി ജഡ്ജിയായും നിയമിതനായി)

സ്ഥിരപ്പെടുത്തപ്പെട്ട അഭിഷേക്, കരംജിത് എന്നിവരുടെ നിയമനം മറ്റുള്ളവരുടെ സീനിയോരിറ്റിയെ അപകടത്തിലാക്കിയതിനാൽ അവരും കോടതിയുടെ നടപടിക്കെതിരെ കേസ് കൊടുത്തു. ജ: ഡി.പി. സിങ്ങിന്റെ ബഞ്ചിലാണ് ഈ കേസ് വിചാരണക്കുവന്നത്. അഭിഷേക്, കരംജിത് എന്നിവരുടെ നിയമനം സംബന്ധിച്ച സകല രേഖകളും മുദ്രവച്ചു സൂക്ഷിക്കാൻ 2007 ഏപ്രിൽ 21ന്ന് ജ: ഡി.പി.സിങ് കല്പനയായി. ഈ കേസുകൾ ഇപ്പോഴും ഒന്നുമാകാതെ കിടക്കുന്നു.

ഇതിന്നിടയിൽ ഹൈക്കോടതിയിൽ മറ്റൊരു അഴിമതിക്കേസ് ഉയർന്നുവന്നു. മുലായംസിങ് യാദവ് മുഖ്യമന്ത്രിയായിരിക്കെ ഹൈക്കോടതിക്ക് 355 ക്ലാസ് IV ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകി. അത്ഭുതമെന്നു പറയട്ടെ, ഈ കല്പന പുറത്തുവന്നു മൂന്നു ദിവസത്തിന്നകം അന്നത്തെ ആക്ടിങ് ചീഫ് ജസ്റ്റീസായ ജ: വിഷ്ണു സഹായ് നിയമനമെല്ലാം നടത്തി! കോടതിയിലെ അടിച്ചുതളിക്കാരേയും ജഡ്ജിമാരുടെ വീട്ടുവേലക്കാരേയും മറ്റുമാണ് ഇത്തരത്തിൽ നിയമിച്ചത്.

ഈ അഴിമതി കഥ പുറത്തുവന്നപ്പോൾ ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച്തന്നെ അത് സ്വയം കേസാക്കി മാറ്റി. ജ: വി.എം. സഹായ്, ജ: തരുൺ അഗർവാൾ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചാണ് പ്രശ്നം കേസാക്കിയത്. ആകെ അനുവദിച്ചിരിക്കുന്ന 355 ഒഴിവുകളിൽ 192 തസ്തികകളും ലഖ്നൗ ബഞ്ചിനാണ് അനുവദിച്ചിരിക്കുന്നത്. ലഖ്നൗവിൽ ആകെ 19 ജഡ്ജിമാരെയുള്ളൂ. പക്ഷെ നിയമനങ്ങളിലധികവും അവിടെയാണ്. 55 ജഡ്ജിമാരുള്ള അല്ലാഹാബാദിൽ വളരെ കുറച്ചുപേരെ മാത്രമേ നിയമിച്ചുകാണുന്നുള്ളൂ. വിവിധ ജോലിക്ക് നിയമിക്കപ്പെട്ടിരിക്കുന്നവരെ എങ്ങനെയാണ് റിക്രൂട്ട് ചെയ്തതെന്നറിയില്ല; ഇവരുടെ റിക്രൂട്ട്മെന്റിന് ആരാണ് ഉത്തരവാദി എന്നുമറിയുന്നില്ല എന്ന് ഡിവിഷൻ ബഞ്ച് പറയുന്നു.

റിക്രൂട്ട്മെന്റ് നടപടിക്രമമെല്ലാം സ്റ്റേ ചെയ്തുകൊണ്ട് ഡിവിഷൻ ബഞ്ച് 2004 ഡിസംബർ 17ന്ന് കല്പന പുറപ്പെടുവിച്ചിരുന്നു. 2004 ഡിസംബർ 20 -ാം തിയ്യതിയിലേക്ക് കേസ് നീട്ടുകയും ചെയ്തു. ഡിസംബർ 20ന്നകം രജിസ്ട്രാർ ജനറൽ നിയമന സംബന്ധമായ രേഖകൾ ഹാജരാക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

പക്ഷെ പെട്ടെന്ന് അഞ്ചംഗങ്ങളടങ്ങിയ ഒരു ഭരണഘടനാബഞ്ച് പ്രത്യക്ഷപ്പെടുകയും ഡിവിഷൻ ബഞ്ചിന്റെ കല്പന റദ്ദാക്കുകയും ചെയ്തു. മാത്രമല്ല ക്ലാസ് IV നിയമനങ്ങളെല്ലാം അംഗീകരിക്കുകയും ചെയ്തു. മാത്രമല്ല നിയമനം തങ്ങളുടെ അവസാന വിധിക്കു വിധേയമായിരിക്കുമെന്നു ഭരണഘടനാബഞ്ച് പറഞ്ഞിരുന്നുവെങ്കിലും പിന്നെ നാലു കൊല്ലമായി കേസ് വിചാരണക്കെടുത്തിട്ടില്ല.

ഈ നിയമനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയത് ഹൈക്കോടതിയുടെ ശീതകാല ഒഴിവുകാലത്താണ്; അതായത് അന്നത്തെ ആക്ടിങ് ചീഫ് ജസ്റ്റീസ് ജ: വിഷ്ണു സഹായിക്ക് 2004 ഡിസംബർ 29ന്ന് റിട്ടയർ ചെയ്യേണ്ടതുണ്ടായിരുന്നു. അതിന്നുമുമ്പു നടപടിക്രമങ്ങളെല്ലാം തിരക്കു പിടിച്ചു പൂർത്തിയാക്കി. സംഗതി അപകടത്തിൽ ചാടിക്കുമെന്നു കരുതി രജിസ്ട്രാർ സ്വതന്ത്രസിങ് ലീവിൽ പോയി. ജോയിന്റ് രജിസ്ട്രാറായ യു.എസ്. അവസ്തിയാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. സ്വതന്ത്രസിങ്ങിനോട് ചോദിച്ചപ്പോൾ താൻ അതൊന്നും ഓർക്കുന്നില്ലെന്നാണ് പറഞ്ഞത്. കൗതുകകരമെന്നു പറയട്ടെ, പൊതുരംഗത്തെ അഴിമതി തടയാനുള്ള ഡെപ്യൂട്ടി ലോക് ആയുക്തയായിട്ടാണ് അദ്ദേഹം ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്നത്.

കേസുകളുടെ ഇതുവരെയുള്ള പുരോഗതിവച്ചു നോക്കുമ്പോൾ ഈ കേസുകൾ എങ്ങും ചെന്നെത്താൻ പോകുന്നില്ലെന്നു പറയാം. താൽക്കാലിക നിയമനത്തിലൂടെയുള്ള പിൻവാ

തിൽ നിയമനം പണ്ടെയുള്ളതാണെന്നും, അതിലൊരു പുതുമയുമില്ലെന്നും ഒരു മുൻ രജിസ്ട്രാർ പറഞ്ഞു. കാര്യം പരസ്യമായി പറഞ്ഞാൽ തന്നെ, ചീഫ് ജസ്റ്റീസുമാർക്കും ജഡ്ജിമാർക്കും എതിരായി സാക്ഷിക്കൂട്ടിൽ കയറി നിൽക്കാൻ ആർ ധൈര്യപ്പെടുമെന്നാണ ദ്ദേഹം ചോദിച്ചത്.

ഹൈക്കോടതികളിലെ ജഡ്ജിമാരും ചീഫ് ജസ്റ്റീസുമാരും നിയമത്തിന്നതീതരാണോ? നിയമം കൊണ്ട് പന്താടാൻ ഇവർക്ക് അധികാരമുണ്ടോ? ഇതൊക്കെ തുടർന്നു പോയാൽ ജനങ്ങൾക്ക് നിയമവാഴ്ചയിൽ വിശ്വാസമില്ലാതാവില്ലേ? ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണിവ. (തെഹൽക)

## അല്ലാഹാബാദ് ഹൈക്കോടതിയിൽ വഴിവിട്ടു നിയമനം നേടിയവരിൽ ചിലർ

| | |
|---|---|
| ആനന്ദപാൽ സിങ് | - ഹൈക്കോടതി എക്കൗണ്ട്സ് വിഭാഗം സെക്ഷൻ ഓഫീസറായ ബൽവന്ത് സിങ്ങിന്റെ പുത്രൻ. |
| സന്തോഷ്കുമാർ | - അസി. രജിസ്ട്രാർ അൻമോൽ തിവാരിയുടെ പുത്രൻ |
| ശരദ്കുമാർ | - സ്റ്റാമ്പ് റിപ്പോർട്ടർ ഹരീശ്കുമാർ ശ്രീവാസ്തവയുടെ പുത്രൻ |
| സന്ദീപ്കുമാർ ഓഝ | - മുൻ ചീഫ് ജസ്റ്റീസിന്റെ ജോയിന്റ് പ്രൈവറ്റ് സെക്രട്ടറി കെ.ഡി. ഓഝയുടെ പുത്രൻ |
| സാമ്യദീപ് | - മുൻ ചീഫ് ജസ്റ്റീസിന്റെ ജോയിന്റ് പ്രൈവറ്റ് സെക്രട്ടറി ഗാംഗുലിയുടെ പുത്രൻ |
| ബി. പാണ്ഡെ | - ബാർ അസോസിയേഷൻ പ്രസിഡണ്ടിന്റെ ബന്ധു |
| തേജ് സിങ് | - എംപ്ലോയീസ് യൂണിയൻ ജൂനിയർ വൈസ് പ്രസിഡണ്ട് ഹോംസിങ്ങിന്റെ സഹോദരൻ |
| എ.കെ. ശ്രീവാസ്തവ | - എംപ്ലോയീസ് യൂണിയൻ സീനിയർ വൈസ് പ്രസിഡണ്ട് ശ്രീവാസ്തവയുടെ ഭാര്യാസഹോദരൻ |
| എ.കെ. സിങ് | - ചീഫ് ജസ്റ്റീസിന്റെ പ്രിൻസിയൻ പ്രൈവറ്റ് സെക്രട്ടറിയായ ജോഖൻ സിങ്ങിന്റെ മരുമകൻ |
| നന്ദപ്രിയ | - അസി. രജിസ്ട്രാർ സി.പി. ഭാരതിയുടെ പുത്രി |
| പൂജ ശ്രീവാസ്തവ | - അസി. രജിസ്ട്രാർ സുശീൽ ശ്രീവാസ്തവയുടെ പുത്രി |
| രോഹിത്കുമാർ സിങ് | - രജിസ്ട്രാറായിരുന്ന സ്വതന്ത്രാസിങ്ങിന്റെ മരുമകൻ |
| അഭിഷേക് | - ഹൈക്കോടതിബഞ്ച് സെക്രട്ടറി കൈലാസ്നാഥിന്റെ മകൻ |
| കെ.എസ്. ബേദി | - രജിസ്ട്രാർജനറലും പിന്നീട് ഹൈക്കോടതി ജഡ്ജിയുമായ കെ.എസ്. രാക്രയുടെ മരുമകൻ |

(തെഹൽക)



# പതിനായിരം കോടിയുടെ തിരഞ്ഞെടുപ്പഭ്യാസം

- പ്രജ്ഞാ സിങ് -

ഇന്ത്യക്കാർ പുതിയൊരു ഗവർമ്മേണ്ടിനെ തിരഞ്ഞെടുക്കുന്ന തിരക്കിലാണിപ്പോൾ. വോട്ടർമാരിൽ ചിലർക്ക് പെട്ടെന്നു നാലു കാശുണ്ടാക്കാൻ കിട്ടുന്ന അവസരവുമാണിത്. ഇക്കൊല്ലം തിരഞ്ഞെടുപ്പു സംബന്ധമായ ചെലവ് ചീറിക്കയറുമെന്ന് എല്ലാ നിരീക്ഷകരും സമ്മതിക്കുന്നു. 2004 ലെ തിരഞ്ഞെടുപ്പിൽ ഔദ്യോഗികവും അനൗദ്യോഗികവുമായി ചെലവായത് 4500 കോടി രൂപയാണെങ്കിൽ ഇക്കൊല്ലം അത് പതിനായിരം കോടിക്കും പതിനാറായിരം കോടിക്കും ഇടയിൽ വരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ഇതിൽ നഗര-ഗ്രാമ വ്യത്യാസമൊന്നുമില്ല. ഈ ചെലവിൽ എൺപത് ശതമാനവും സ്ഥാനാർത്ഥിയുടെ സ്വന്തം പോക്കറ്റിൽ നിന്നെടുക്കേണ്ടി വരും. ജയിച്ചു കയറുന്ന ഓരോ സ്ഥാനാർത്ഥിയും അഞ്ചുകോടി രൂപയെങ്കിലും ചെലവാക്കിയിട്ടുണ്ടാകുമെന്നാണ് സെന്റർ ഫോർ മീഡിയാ സ്റ്റഡീസിന്റെ ചെയർമാനായ എൻ. ഭാസ്കര റാവു പറയുന്നത്. എലക്ഷൻ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന പരിധി 25 ലക്ഷം രൂപയാണ്.

ലോകസഭയിലെ 543 സീറ്റിലേക്കാണ് തിരഞ്ഞെടുപ്പു നടക്കുന്നത്. ഒരോ സീറ്റിലും പ്രധാന കക്ഷികളുടെ മൂന്നോ നാലോ സ്ഥാനാർത്ഥികളുണ്ടാകും. ഇവർ വോട്ടർമാർക്ക് ടെലിവിഷൻ സെറ്റും സാരിയും മറ്റും സമ്മാനമായി നൽകുന്നു. റൊക്കം പണം നൽകുന്നവരുമുണ്ട്.

വോട്ടർമാർക്ക് പണവും സമ്മാനങ്ങളും നൽകുന്നത് ജയിക്കാമെന്ന വിശ്വാസംകൊണ്ടാണെന്ന് ഭാസ്കര റാവു കരുതുന്നില്ല. ഏറ്റവുമധികം പണം നൽകുന്നവർക്കോ ഏറ്റവും മികച്ച സമ്മാനം നൽകുന്നവർക്കോ ഇന്ത്യൻ വോട്ടർമാർ വോട്ടു ചെയ്യുമെന്ന് റാവു കരുതുന്നില്ല.

പണം നൽകുന്നതും സമ്മാനം നൽകുന്നതും ഇന്ത്യയിൽ ഒരു പതിവായി മാറിയിരിക്കുകയാണെന്ന് ഇന്ത്യാ ഡെവലപ്പ്മെന്റ് ഫൗണ്ടേഷനിൽ ഫെല്ലോ ആയ വിഭു മഹാപത്ര പറയുന്നു. പണമൊ സമ്മാനമൊ നൽകി ഒരു സ്ഥാനാർത്ഥിക്കും വിജയം ഉറപ്പിക്കാനാവില്ല. എന്നാൽ പണമോ സമ്മാനമോ നൽകാത്തവർ തോൽക്കുമെന്നത് ഉറപ്പാണ്.

കഴിഞ്ഞ കൊല്ലം ദൽഹീയിൽ നിയമസഭാ തിരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽ ഫൗണ്ടേഷൻ സർവ്വേ നടത്തുകയുണ്ടായി. ദൽഹിയിലെ മിക്ക ചേരികളിലും കോളനികളിലും പണവും മദ്യവും വിതരണം ചെയ്യപ്പെട്ടതായി കണ്ടെത്തി. ചിലേടത്ത് സൗജന്യമായി ഭക്ഷണവും ചായയും നൽകി. മിക്ക കോളനികളിലും മൂപ്പന്മാരെയാണ് പണവും മദ്യവും വിതരണം ചെയ്യാൻ ഏൽപ്പിച്ചിരുന്നത്.

ഇത് ഒറ്റപ്പെട്ടതല്ല. ദൽഹിയിൽ മൂന്നു ദേശീയ കക്ഷികളെങ്കിലും പണവും മദ്യവും വിതരണം ചെയ്തിട്ടുണ്ട്. അതായത് ജയിക്കുമെന്ന് പ്രതീക്ഷയില്ലാത്തവർ പോലും ഇതിന്നു മുതിരുകയുണ്ടായി. ഒരു പാക്കറ്റ് മദ്യവും ഏതാണ്ട് അഞ്ഞൂറു രൂപയുമാണ് വിതരണം ചെയ്യപ്പെട്ടത്; ജയിക്കാനല്ല മത്സരരംഗത്ത് നിലനിൽക്കാൻതന്നെ ഇതാവശ്യമായിരുന്നു. 2008 ഒക്ടോബർ 18ന്നും

# ആരാണീ വരുൺ?

- രഘു കർണാട് -

വരുൺ ഗാന്ധി എന്ന കടംകഥയിൽ എനിക്ക് തീരെ പിടികിട്ടാതിരുന്നത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസമായിരുന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽനിന്ന് ബിരുദവും സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽനിന്ന് ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ആളാണ് വരുൺ എന്നാണ് കേട്ടിട്ടുള്ളത്. രണ്ടും പ്രസിദ്ധമായ കലാലയങ്ങളാണ്.

വരുൺ ഗാന്ധിയുടെ വർഗീയ പ്രസംഗം അലയടിച്ചു തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ബിരുദങ്ങൾ ചർച്ചാവിഷയമായി. വാഷിങ്ടൺ ടൈംസ്, ലണ്ടൻ ഫസ്റ്റ് പോസ്റ്റ് എന്നിവയിലെല്ലാം ഈ ബിരുദങ്ങൾ പരാമർശിക്കപ്പെട്ടു. കൽക്കത്തയിലെ "ടെലഗ്രാഫ്" പത്രം പറയുന്നത്, വരുൺഗാന്ധിയുടെ എം.ഫിൽ. പ്രബന്ധം "കിഴക്കൻ യു.പി. ജില്ലകളിലെ സ്ഥിതിയെ ആധാരമാക്കിയുള്ള വികേന്ദ്രീകരണഭരണമായിരുന്നു"വെന്നാണ്.

ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയെന്നു പറഞ്ഞാൽതന്നെ ഒരാൾ യോഗ്യനായി കരുതപ്പെടും. അംബേദ്കർ ഇവിടെ പഠിച്ച് ബിരുദമെടുത്ത ആളാണ്. സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽനിന്ന് ഒരു ബിരുദാനന്തര ബിരുദം കൂടിയായാൽ അയാൾ പരമയോഗ്യനാകും. അങ്ങനെയെല്ലാമുള്ള ഒരാൾ ഹൈന്ദവ അന്ധകാരത്തിന്റെ നീർച്ചുഴിയിലേക്ക് എടുത്തുചാടുക എന്നത് വിശ്വസിക്കാൻ വിഷമമായിരുന്നു. അത്ഭുതലോകത്തിൽ ചെന്ന ആലീസിനെപ്പോലെ ഞാൻ മിഴിച്ചുനിന്നു. ➡

ലണ്ടനിലപ്പോൾ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെയും സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിലെയും വിദ്യാർത്ഥികളും അധ്യാപകരും മുസ്ലീം വിരുദ്ധ അട്ടഹാസങ്ങളോട് വിയോജിച്ചുകൊണ്ട് പ്രസ്താവനകളിറക്കുകയായിരുന്നു. വരുൺ പറയുന്നത് തങ്ങളുടെ സ്ഥാപനത്തിന്റെ മൂല്യങ്ങൾക്കും ഉത്തരവാദിത്വമുള്ള നേതൃത്വമെന്ന വിശ്വാസത്തിന്നും കടകവിരുദ്ധമാണെന്ന് അവർ ചൂണ്ടിക്കാട്ടി.

ഇത്തരം പ്രതികരണങ്ങൾ എന്നിൽ കൗതുകം ജനിപ്പിച്ചു. ഇന്ത്യൻ കാര്യങ്ങളിൽ താല്പര്യമുള്ളവരായി തോന്നിയ ചില അധ്യാപകർക്കും അധികാരികൾക്കും ഞാൻ ഒരു "ഇ-മെയിൽ സന്ദേശം" അയച്ചു. വെറും ഭാഗ്യം കൊണ്ടെന്നുപറയാം, എനിക്ക് രണ്ടുപേരിൽനിന്ന് മറുപടികിട്ടി. ആദ്യത്തേത് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽനിന്നായിരുന്നു. വരുൺ ഗാന്ധി എം.എസ്.സി. പഠനം നിർത്തി പോകുകയാണുണ്ടായതെന്നും അദ്ദേഹം ബിരുദമെടുത്തിട്ടില്ലെന്നും ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിലെ പൂർവ്വവിദ്യാർത്ഥി കാര്യങ്ങൾക്കുള്ള ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇതെന്റെ കൗതുകം വർദ്ധിപ്പിച്ചു. ഞാൻ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ അന്വേഷിച്ചു. അവിടത്തെ ഒരധ്യാപകനായ സുമന്ത്ര ബോസ് കാര്യം വിശദീകരിച്ചു. വരുൺ ഗാന്ധി ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പക്ഷെ അതു തള്ളപ്പെടുകയാണുണ്ടായത്. പിന്നീട് ഒരു വിദൂരവിദ്യാഭ്യാസ പരിപാടിയിൽ അദ്ദേഹം ചേർന്നു. അത്രയേയുള്ളൂ.

അപ്പോൾ വരുൺ ഗാന്ധിയുടെ




വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച രണ്ട് അവകാശവാദങ്ങളും മിഥ്യയാണെന്നു വരുന്നു. അതുമാത്രമല്ല പ്രശ്നം. തനിക്കെതിരായ കേസുകൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വരുൺ ഗാന്ധി അല്ലാഹാബാദ് ഹൈക്കോടതിയിൽ ഒരു ഹരജി സമർപ്പിച്ചിട്ടുണ്ട്. ഹരജിക്കാരൻ നല്ല വിദ്യാഭ്യാസമുള്ള ആളും സമാധാനപ്രേമിയും ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽനിന്ന് ബിരുദവും സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽ പഠനവും നടത്തിയിട്ടുണ്ട് എന്നെല്ലാം ഹരജിയിൽ പറയുന്നുണ്ട്. ഈ കള്ള സത്യവാങ്മൂലം കോടതിയിൽ വലിയ പുലിവാലാകുമെന്നു കരുതണം.

(ഔട്ട് ലുക്ക്)

❑

---

നവംബർ 24ന്നും ഇടക്കാണ് സർവ്വേ നടത്തിയത്. ദാരിദ്ര്യ രേഖക്ക് താഴെയുള്ള 5000 കുടുംബങ്ങളിലും ദാരിദ്ര്യ രേഖക്കു മുകളിലുള്ള അത്രതന്നെ കുടുംബങ്ങളിലും അന്വേഷണം നടത്തുകയുണ്ടായി.

എലക്ഷൻ കമ്മീഷൻ അനുവദിച്ച 25 ലക്ഷത്തിന്റെ സ്ഥാനത്ത് ഒരു സ്ഥാനാർത്ഥി അഞ്ചുകോടി ചെലവാക്കിയെങ്കിൽ, ഈ അധിക ചെലവ് സൃഷ്ടിക്കുന്നത് 2500 കോടിയുടെ കള്ളപ്പണമാണ്. പുനർ വിതരണം ചെയ്യപ്പെടുന്ന കള്ളപ്പണം എന്നാണ് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ പ്രൊ. അരുൺകുമാർ പറയുന്നത്. പക്ഷെ നിർഭാഗ്യവശാൽ ഇത് അതിലോലമാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വലുപ്പംവച്ചു നോക്കുമ്പോൾ ഇത് ഒരു ചലനവുമുണ്ടാക്കില്ല. എന്നാൽ ഇത് ജനങ്ങളുടെ ക്രയശേഷി അൽപം വർധിപ്പിക്കും. പക്ഷെ അത് ഒരാഴ്ചക്കോ മറ്റോ മാത്രമേ അനുഭവപ്പെടൂ.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ 40 ശതമാനം കള്ളപ്പണമാണെന്നാണ് 2000 ൽ കണക്കാക്കപ്പെട്ടിരുന്നത്. അതിപ്പോൾ 50 ശതമാനമായി വളർന്നിരിക്കണം. എന്നാലും തിരഞ്ഞെടുപ്പു ചെലവ് അതിൽ കാര്യമായ ചലനം സൃഷ്ടിക്കില്ല.

ഇതൊക്കെയാണെങ്കിലും തിരഞ്ഞെടുപ്പ് ചെലവ് പരിധിക്കകത്ത് ഒതുക്കി നിർത്താൻ എലക്ഷൻ കമ്മീഷൻ ശ്രമിക്കുന്നുണ്ട്. കമ്മീഷന്റെ നിരീക്ഷകർ രാജ്യത്താകെ തിരഞ്ഞെടുപ്പു ചെലവ് നിരീക്ഷിച്ചുവരുന്നു. ❑

# വരുണിന്റെ പാരമ്പര്യം

- ഖുഷ്‌വന്ത് സിങ് -

വരുൺ ഗാന്ധിക്ക് തായ്‌വഴിയായി ലഭിച്ച രണ്ടു പാരമ്പര്യങ്ങളുണ്ട്. ഒന്നു മാനസികമാണ്. സ്വയം പീഡിപ്പിക്കാനുള്ള ഒരു വെമ്പൽ. മേനകാ ഗാന്ധിയുടെ അച്ഛൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്; മേനകയുടെ അമ്മാവന്റെ കഥയും അതുതന്നെ. ഇപ്പോൾ വരുൺഗാന്ധി ചെയ്യുന്നതും മറ്റൊന്നല്ല. മുസ്ലീമുകളെ കുറിച്ച് താൻ പറയുന്നത് മുസ്ലീമുകളെ വല്ലാത വേദനിപ്പിക്കുമെന്ന് വരുണിന് അറിവുണ്ടാകണം; ഇത് മുസ്ലീമുകളുടെ വോട്ട് നഷ്ടപ്പെടുത്തും. അതുപോലെ അദ്ദേഹം സിക്കുകാരെക്കുറിച്ച് പറഞ്ഞത് വംശീയമായ ഒരവഹേളനമാണ്. പിലഭീട്ടിലാകട്ടെ ഒട്ടേറെ സിക്കുകാരുണ്ട്. വരുണിന്റെ പരാമർശം സിക്കുകാരുടെ വോട്ടും നഷ്ടപ്പെടുത്തും. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെ ഇങ്ങനെ ചെയ്യുന്നത് സ്വയം പീഡനത്തിന്നുള്ള വ്യഗ്രത കൊണ്ടാണ്.

ഇതെല്ലാംകൊണ്ട് വരുണിനുണ്ടായ നേട്ടമെന്താണ്? ഇന്നലെവരെ ആരുമല്ലാതിരുന്ന ഒരു മനുഷ്യൻ പെട്ടൊന്നൊരു ദിവസംകൊണ്ട് നാട്ടിലാകെ ദുഷ്പേരു സമ്പാദിച്ചിരിക്കുന്നു! ഇതിന്നദ്ദേഹം ഇന്നല്ലെങ്കിൽ നാളെ വില നൽകേണ്ടിവരും.

മേനകയുടെ കുടുംബത്തിന്ന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അവരുടെ നിഘണ്ടുവിൽ "സത്യം" എന്ന ഒരു വാക്കില്ല. വരുൺഗാന്ധി പറഞ്ഞതിനെ നിഷേധിക്കാനും ന്യായീകരിക്കാനുമായി മേനകയും വരുൺ ഗാന്ധിയും പരസ്പര വിരുദ്ധമായ പലതും തട്ടിവിടുകയുണ്ടായി. പക്ഷെ ഇതൊക്കെ വരുൺഗാന്ധി പറഞ്ഞതുതന്നെയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. അക്രമാസക്തമായ ഒരു ഹിന്ദു ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ഒരു ഉദ്യോഗസ്ഥൻ അയാളുടെ ചുമതല നിർവ്വഹിച്ചതിന്ന് മേനകാഗാന്ധി അയാളെ പുലഭ്യം പറയുന്നു. കാരണം? അയാൾ ഒരു മുസ്ലീമാണെന്നതുകൊണ്ടുമാത്രം! എന്നിട്ടും ബി.ജെ.പി. മേനകയേയോ വരുൺ ഗാന്ധിയേയോ ഒന്നു ശാസിക്കുക പോലും ചെയ്തില്ല!

എന്നാൽ പിതാവായ സഞ്ജയ് ഗാന്ധിയുടെ നന്മകളിലൊന്നും വരുണിന്ന് പൈതൃകമായി ലഭിച്ചിട്ടില്ല.സഞ്ജയൻ, മറ്റൊന്നുമില്ലെങ്കിൽ വേണ്ട, ശരിയാണെന്നു തോന്നിയത് ചെയ്യുന്നവനായിരുന്നു. സഞ്ജയന് ഒട്ടേറെ ദുർഗുണങ്ങളുണ്ടായിരുന്നു. ഒന്നിനും ക്ഷമയില്ലായ്മ; പരുക്കൻ സ്വഭാവം, ഒരു സ്വേഛാധിപതിയുടെ മനോഭാവം - ഇതെല്ലാം സഞ്ജയന്നുണ്ടായിരുന്നു. എന്നാൽ എന്റെ അറിവിൽ പെട്ടിടത്തോളം അദ്ദേഹം മര്യാദക്കാരനായിരുന്നു. മുസ്ലീമുകൾക്കെതിരായി ഒരു വാക്കുപോലും അദ്ദേഹം ഉച്ചരിച്ചതായി ഞാൻ കേട്ടിട്ടില്ല. രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷത്തെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നുവെന്നതാണ് അഗ്നിപരീക്ഷണം.

ചില വർഷങ്ങൾക്കുമുമ്പ് വരുൺ എന്റെ വീട്ടിൽ വന്നിരുന്നു. അദ്ദേഹം രചിച്ച കവിതകളുടെ സമാഹാരം അദ്ദേഹം കൊണ്ടുവന്നിരുന്നു. എനിക്കത് ഇഷ്ടപ്പെട്ടു. ഞാനതിനെ പ്രശംസിക്കുകയുമുണ്ടായി. വളരെ വിനയാന്വിതനായിട്ടാണ് അന്നദ്ദേഹം കാണപ്പെട്ടത്. നെഹ്റു കുടുംബത്തിലൊരാളെങ്കിലും രാഷ്ട്രീയം വിട്ട് സാഹിത്യ ലോകത്തിലേക്ക് തിരിയുന്നുണ്ടല്ലോ എന്നു ഞാൻ സന്തോഷിച്ചു. വരുണിനെ പിടിച്ച് രാഷ്ട്രീയത്തിലിറക്കിയത് മേനകയാകണം.

മേനക വർഗ്ഗീയ രാഷ്ട്രീയത്തിന്റെ ചളിക്കുണ്ടിലേക്ക് ചാടിയിറങ്ങുന്നുവെന്നത് അത്ഭുതകരമല്ല. നെഹ്റു കുടുംബത്തിൽ നിന്ന് ഇറങ്ങിപോന്ന അവർക്ക് അവരോടാകെ വിരോധം തോന്നുന്നുണ്ടാകണം. പോരെങ്കിൽ മേനക ഒരവസരവാദിയുമാണ്. അതിനാൽ ഇതിലൊന്നും അത്ഭുതപ്പെടാനില്ല. ❑





# ഒരു രാജ്ഞിയും അവർ നിയമിച്ച പ്രധാനമന്ത്രിയും

- പ്രഭാഷ് ജോഷി -

മൻമോഹൻ സിങ് യഥാർത്ഥമായും മുമ്പോരിക്കലുമുണ്ടായിട്ടില്ലാത്ത തരത്തിൽപെട്ട പ്രധാനമന്ത്രിയാണ്. മൻമോഹൻ സിങിന്ന് കുറച്ചെല്ലാം അടുത്തുവരാൻ കഴിയുന്ന ഒരേഒരാൾ ഐ.കെ. ഗുജ്രാലാണ്. അസാധാരണമായ സാഹചര്യങ്ങളിൽ പ്രധാനമന്ത്രിപദമേറ്റപ്പോൾ, അദ്ദേഹവും രാജ്യസഭാംഗമായിരുന്നു. പക്ഷെ അദ്ദേഹത്തെ ആരെങ്കിലും നിയമിച്ചതല്ല. അന്നുണ്ടായിരുന്ന ദേശീയ മുന്നണി ഗുജ്രാലിനെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് തിരഞ്ഞെടുത്തതായിരുന്നു. എന്നാൽ മൻമോഹന്റെ കാര്യം അങ്ങനെയല്ല. സോണിയാഗാന്ധി നിയമിച്ചു എന്നതുമാത്രമാണ് പ്രധാനമന്ത്രി പദത്തിലെത്താനുള്ള അദ്ദേഹത്തിന്റെ യോഗ്യത.

2004 ലെ തിരഞ്ഞെടുപ്പിൽ ഐക്യ പുരോഗമന സഖ്യം ജയിച്ചപ്പോൾ, സഖ്യത്തിന്റെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടത് സോണിയയായിരുന്നു. തിരഞ്ഞെടുപ്പിൽ സഖ്യം വിജയിച്ച വിവരം രാഷ്ട്രപതിയെ അറിയിച്ചതും സോണിയയാണ്. അവർ പ്രധാനമന്ത്രിപദം ഏൽക്കാതിരുന്നത് ബി.ജെ.പി.യുടെ എതിർപ്പുമൂലമായിരുന്നു. എന്നാൽ എന്തുകൊണ്ടാണവർ മൻമോഹൻ സിങ്ങിനെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്? തിരഞ്ഞെടുപ്പിൽ മത്സരിക്കുകപോലും ചെയ്യാത്ത ആളാണദ്ദേഹം. പ്രധാനമന്ത്രിപദം സ്വീകരിക്കാൻ യോഗ്യരായി അനേകം വേറെ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് മൻമോഹനെ നിയമിച്ചു?

കോൺഗ്രസ്സിൽ സോണിയാഗാന്ധി പരമാധികാരിയായിരുന്നുവെന്നത് ശരി. ബാക്കിയുള്ളവരെല്ലാം അഗണ്യരായിരുന്നു. എന്നിരുന്നാൽതന്നെ ഈ അഗണ്യരിൽ രാഷ്ട്രീയവും ഭരണപരവുമായ അനുഭവ സമ്പത്ത് ഏറെയുണ്ടായിരുന്നത് പ്രണവകുമാർ മൂക്കർജിക്കായിരുന്നു. ഇന്ദിരാഗാന്ധി വധിക്കപ്പെട്ട അവസരത്തിൽ പ്രധാനമന്ത്രി സ്ഥാനത്ത് അവകാശമുന്നയിച്ച ആളാണിദ്ദേഹം. പക്ഷെ അന്നത്തെ രാഷ്ട്രപതി സൈലസിങ്, രാജീവ് ഗാന്ധിയെ പിടിച്ച് പ്രധാനമന്ത്രിയാക്കുകയാണുണ്ടായത്. അന്നു പ്രധാനമന്ത്രിപദത്തിന്ന് താല്പര്യം കാണിച്ചുവെന്ന ഒരൊറ്റ കുറ്റത്തിന്നാണ് പ്രണവകുമാറിന്ന് ഇരുപതുകൊല്ലക്കാലം കോൺഗ്രസ്സിന്റെ ഇറയത്ത് ഇരിക്കേണ്ടിവന്നത്.

പ്രണവകുമാർ മൂക്കർജിയെ പ്രധാനമന്ത്രിയാക്കാൻ സോണിയക്ക് ഇഷ്ടമില്ലായിരുന്നുവെങ്കിൽ, അത്രതന്നെ പ്രാപ്തനായ അർജുൻസിങ് അപ്പുറത്തുണ്ടായിരുന്നു. അതല്ലെങ്കിൽ എൻ.ഡി. തിവാരിയുണ്ടായിരുന്നു. സോണിയാഗാന്ധിയോട് അടുപ്പമുള്ളവരെന്ന നിലയിൽ നരസിംഹറാവുവുമായി പിണങ്ങിപ്പിരിഞ്ഞവരാണ് ഇവർ രണ്ടുപേരും. റാവുവിന്റെ മന്ത്രിസഭയിൽ ചേരാൻ കൂട്ടാക്കിയില്ലെന്നല്ല, സോണിയയോട് പരസ്യമായി കൂറു പ്രഖ്യാപിക്കുകയും ചെയ്തവരാണിവർ. സോണിയയെ പ്രധാനമന്ത്രിയാക്കാൻ അന്ന് കഴിവുള്ളതെല്ലാം ചെയ്തവരുമാണിവർ.

1991 ൽ നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ, മൻമോഹൻ സിങ്ങിനെ ധനകാര്യമന്ത്രിയാക്കിയത് അമേരിക്കയുടെ നിർബ്ബന്ധം മൂലമാണെന്ന് ഒരു ശ്രുതി പരന്നിരുന്നു. മൻമോഹൻ സിങ്

ധനകാര്യമന്ത്രിയായതോടെയാണ് ഇന്ത്യയിൽ സാമ്പത്തിക നയ പരിഷ്കാരങ്ങൾ അണപൊട്ടിയൊഴുകാൻ തുടങ്ങിയത്.

റാവുവിന്നു മുമ്പ് ചന്ദ്രശേഖർ അല്പകാലം പ്രധാനമന്ത്രിയായിരുന്നു. അന്ന് മൻമോഹൻസിങ് പ്രധാനമന്ത്രിയുടെ ധനകാര്യോപദേഷ്ടാവായിരുന്നു. ഇക്കാലത്താണ് ഇന്ത്യയുടെ സ്വർണ്ണം മുഴുവനും പണയം വയ്ക്കേണ്ട ഗതികേട് ചന്ദ്രശേഖറിന്നുണ്ടായത്. ലോകബാങ്കുമായി നടക്കുന്ന ഇടപാടുകളിൽ പലതും മൻമോഹൻ സിങ് പ്രധാനമന്ത്രി ചന്ദ്രശേഖറിൽനിന്ന് മറച്ചുവച്ചിരുന്നതായി ആരോപണമുണ്ട്. ചന്ദ്രശേഖർ തന്നെ ഇത് പറയാറുണ്ടായിരുന്നു.

മൻമോഹൻ സിങ്ങിനെ സത്യസന്ധൻ, നട്ടെല്ലുള്ളവർ, മഹത്വമുള്ളവൻ എന്നൊക്കെ പലരും വിശേഷിപ്പിക്കാറുണ്ട്. ആസാമിൽ നിന്നുള്ള രാജ്യസഭാംഗമാണിദ്ദേഹമെന്ന് ഇവരാരെങ്കിലും ഓർക്കാറുണ്ടോ? ഒരു സംസ്ഥാനത്തിൽ നിന്നുള്ള രാജ്യസഭാംഗം ആ സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. മൻമോഹൻ ആസാമിലെ സ്ഥിരതാമസക്കാരനല്ലെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ഇന്ത്യൻ പാർലിമെന്റിൽ മൻമോഹൻ സിങ്ങിന്റെ മേൽവിലാസമായി കൊടുത്തിരിക്കുന്നത് ആസാമിലേതാണ്. എന്ത് സത്യസന്ധതയാണിത്? എന്തു സദാചാരമാണിത്? സദാചാരമെല്ലാം നിർണയിക്കേണ്ടത് കോടതിയാണോ? രാഷ്ട്രീയ കക്ഷികളാണോ? സത്യസന്ധനായ ഒരാൾക്ക്, രാഷ്ട്രീയ സൗകര്യം നോക്കി നുണ പറയാമെന്നാണോ?

അഞ്ചുകൊല്ലം പ്രധാനമന്ത്രിയായിരുന്നിട്ടും മൻമോഹൻ സിങിന് ഒരു ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കണമെന്ന് തോന്നിയില്ല. രാജ്യസഭാംഗമായി കഴിയുന്നതിൽ ഒരു മനസ്സാക്ഷിക്കുത്തും അദ്ദേഹത്തിന്നു തോന്നിയിട്ടില്ല.

ജനങ്ങൾ തിരഞ്ഞെടുത്ത് ലോക്സഭയിൽ എത്തിയ ആളാകണം പ്രധാനമന്ത്രി എന്ന് ജനാധിപത്യമര്യാദ അനുശാസിക്കുന്നു; പാർട്ടി പ്രസിഡണ്ട് നിയമിക്കുന്ന ആളല്ല പ്രധാനമന്ത്രിയാകേണ്ടത്. മൻമോഹൻസിങ്ങിന്ന് ഇക്കാര്യത്തിൽ ഒരു മനസ്സാക്ഷിക്കുത്തും തോന്നുന്നില്ലേ? തിരഞ്ഞെടുപ്പിൽ ജയിച്ച് പ്രധാനമന്ത്രിയാകുന്നത് സോണിയക്ക് അഹിതകരമാകുമെന്ന് മൻമോഹൻ സിങ് ഭയപ്പെടുന്നുണ്ടോ?

മൻമോഹൻ സിങ് തിരഞ്ഞെടുപ്പിൽ മത്സരിച്ച് ലോക്സഭയിലെത്തുന്നത്. സോണിയ ഇഷ്ടപ്പെടുന്നില്ലെന്നുവരാം. മൻമോഹൻ സിങ്ങിനെ അങ്ങനെ ത്രിശങ്കുവിൽ നിർത്തുന്നതാകാം സോണിയക്കാവശ്യം; കോൺഗ്രസ്സിന്നാവശ്യം; രാഹുൽ ഗാന്ധിക്കാവശ്യം. പക്ഷെ ഇന്ത്യൻ ജനാധിപത്യത്തിന്ന് ഈ പണി യോജിച്ചതാണോ?

കഴിഞ്ഞ അഞ്ചുകൊല്ലമായി ഇന്ത്യയിൽ രാഷ്ട്രീയവും ഭരണവും വ്യത്യസ്ത മണ്ഡലങ്ങളിലാണ്. രാഷ്ട്രീയകാര്യങ്ങൾ സോണിയ നോക്കുന്നു. ഭരണകാര്യങ്ങൾ മൻമോഹൻ നോക്കുന്നു. ഇത്തരമൊരു വിഭജനം പണ്ട് അചിന്ത്യമായിരുന്നു. അമ്പതുകൊല്ലം മുമ്പ് പുരുഷോത്തം ദാസ് ഠണ്ഡൻ കോൺഗ്രസ്സ് അധ്യക്ഷപദം രാജിവച്ചുപോയത് നെഹ്റുവും ഠണ്ഡനും തമ്മിലുള്ള ഉരസൽ മൂലമാണ്. പിന്നീട് നെഹ്റു, ഇന്ദിര, രാജീവ് തുടങ്ങിയവരെല്ലാം ഭരണ നേതൃത്വവും രാഷ്ട്രീയ നേതൃത്വവും ഒന്നിച്ചുകൊണ്ടു പോയവരാണ്. ഇപ്പോൾ നമുക്കൊരു പ്രധാനമന്ത്രിയുണ്ട്; അദ്ദേഹത്തിന്ന് രാഷ്ട്രീയത്തിൽ സ്ഥാനമൊന്നുമില്ല. നിങ്ങൾ ഇതിനെപ്പറ്റി ചിന്തിക്കണം. രാഹുൽ ഗാന്ധിക്ക് പ്രായവും പ്രാപ്തിയും ആകുന്നതുവരെ നാമിങ്ങനെ ഒരു "നിയമിത" പ്രധാനമന്ത്രിയുമായി കഴിയേണ്ടിവരുമോ? (തെഹൽക) ❏

# ദണ്ഡന വിരുദ്ധ നിയമംകൊണ്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല

**- നീലാഭ മിശ്ര -**

**പ**തിനൊന്നുകൊല്ലം ഉരുണ്ടു കളിച്ചതിന്നു ശേഷമാണെങ്കിലും ഗവർമ്മേണ്ട് അവസാനമൊരു ദണ്ഡന വിരുദ്ധ ബില്ലിന് രൂപം നൽകിയെന്നത് ശുഭോദർക്കമാണ്. ഐക്യരാഷ്ട്ര സമിതിയുടെ ദണ്ഡന-പീഡന വിരുദ്ധ കൺവെൻഷനിൽ ഒപ്പുവച്ച ഇന്ത്യ, അതനുസരിച്ചൊരു നിയമനിർമ്മാണം നടത്താതെ ഇത്രയും കാലം ഉരുണ്ടുകളിക്കുകയായിരുന്നു. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന കരടുബില്ലനുസരിച്ച് ആരുടേയെങ്കിലും ജീവന്നോ അവയവങ്ങൾക്കോ ആരോഗ്യത്തിന്നോ ആപത്തു വരുകയോ ഗുരുതരമായ ക്ഷതമേൽപ്പിക്കുകയോ ചെയ്യുന്ന പോലീസുകാർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരമാവധി പത്തുകൊല്ലത്തെ തടവു ശിക്ഷ ലഭിക്കും. നിർദ്ദിഷ്ട നിയമനിർമ്മാണത്തിന്റെ വ്യാപ്തി വിശാലമാണ്. വംശത്തിന്റേയോ മതത്തിന്റേയോ ജനനസ്ഥലത്തിന്റേയോ താമസസ്ഥലത്തിന്റേയോ ഭാഷയുടേയോ ജാതിയുടേയോ പേരിലേൽപ്പിക്കുന്ന ഏതു ദണ്ഡനവും ഈ നിയമത്തിന്റെ പരിധിയിൽ വരും. വിവരശേഖരണത്തിന്നായോ കുറ്റസമ്മതം സമ്പാദിക്കാനായോ നടത്തുന്ന പീഡനങ്ങളും ഇതിന്റെ പരിധിയിൽ വരും. അതുപോലെത്തന്നെ മാനസിക പീഡനങ്ങളും ശിക്ഷാർഹമാണ്.

മനുഷ്യാവകാശത്തിന്റെ അന്താരാഷ്ട്ര നിലവാരത്തോട് യോജിക്കുന്ന ഒന്നാണ് കരടുബില്ലിലെ വ്യവസ്ഥകൾ പക്ഷെ ഇതു നടപ്പാക്കാൻ തികച്ചും സ്വതന്ത്രമായ കമ്മിറ്റികൾ ഉണ്ടാകേണ്ടതുണ്ട്. തടങ്ങലിൽ വച്ചുള്ള ദണ്ഡനങ്ങൾക്ക് അത്യപൂർവ്വമായേ ദൃക്സാക്ഷികളുണ്ടാകൂ. മാത്രമല്ല, ആരോപണങ്ങളിൽനിന്നെല്ലാം രക്ഷപ്പെടാനുള്ള മിടുക്ക് പോലീസിന്നും ഉദ്യോഗസ്ഥന്മാർക്കും ഉണ്ടാവുകയും ചെയ്യും. ഉദാഹരണത്തിന്ന് അറസ്റ്റിന്റെ തിയ്യതി, സമയം, സ്ഥലം എന്നിവയെല്ലാം എഴുതിചേർക്കുന്നത് പോലീസാണ്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമെല്ലാം സ്വതന്ത്ര നിഷ്പക്ഷ കമ്മിറ്റികൾ ഉണ്ടാക്കുമെന്ന് കരടുബില്ലിൽ പറയുന്നുണ്ടെങ്കിലും അനുഭവം അത്രയൊന്നും ശുഭകരമല്ല. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും മനുഷ്യാവകാശ കമ്മിറ്റികളുടെ സ്ഥിതിയൊന്നു നോക്കൂ. ഓരോ കമ്മിറ്റി മുമ്പാകെയും പരാതികൾ കുന്നുകൂടി കിടപ്പാണ്. അതിന്നും പുറമെ ഈ കമ്മിറ്റികൾ തലയൂരാൻ തക്കം നോക്കിയിരിക്കുന്നതുപോലെയാണ് പലപ്പോഴും പെരുമാറുന്നത്. മനുഷ്യാവകാശ കമ്മിറ്റി മുമ്പാകെ ഒരു പരാതി വന്നാൽ, ആരെങ്കിലും അതു സംബന്ധിച്ചൊരു കേസ് കൊടുത്തുവെന്നുവരും. അതൊടെ മനുഷ്യാവകാശ കമ്മിറ്റി തലയൂരും; എല്ലാം കോടതി തീരുമാനിക്കട്ടെ എന്നു പറയും.

ദണ്ഡനം ഇന്ത്യയിൽ പലതരമുണ്ട്. ചിലപ്പോൾ "നിയമം അതിന്റെ വഴിക്കു പോക"ലാകും പ്രേമബദ്ധരായ രണ്ടു യുവതീ-യുവാക്കൾ ജാതിയും മതവും നോക്കാതെ

വിവാഹം കഴിച്ചുവെന്നു കരുതുക. പന്നെ എന്തു സംഭവിക്കും? പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയെന്ന് ബന്ധുക്കൾ പോലീസിൽ പരാതിപ്പെടും. അതോടെ പോലീസിന്റെ വേട്ട ആരംഭിക്കുന്നു. സാധാരണ ഗതിയിൽ യുവമിഥുനങ്ങളെ കണ്ടുപിടിച്ച് രക്ഷകർത്താക്കളെ ഏൽപ്പിക്കുന്നു. പിന്നെ യുവതിയുടെ നേരെ ദണ്ഡന മുറകൾ ആരംഭിക്കുകയായി. യുവതിയോ യുവാവോ ചിലപ്പോൾ രണ്ടുപേരുമോ കൊല്ലപ്പെട്ടുവെന്നുവരും. കുടുംബത്തിന്റെ "മാനം കാക്കാൻ" ചെയ്യുന്ന ഇത്തരം കൊലപാതകങ്ങൾക്ക് സമൂഹം പോലും അംഗീകാരം നൽകുന്നു.

യുവതി ഒരു മജിസ്ട്രേറ്റ് മുമ്പാകെ വിവാഹത്തെ തള്ളിപറഞ്ഞാൽ പിന്നെ കേസില്ല. തള്ളിപ്പറയാതിരുന്നാൽ തനിക്കോ കാമുകനോ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെ ഓർത്തായിരിക്കും അവരത് ചെയ്യുന്നത്.

ഇതിനേക്കാൾ ഭീകരമായൊരു കേസ് എനിക്കറിയാം. പ്രേമബദ്ധരായ രണ്ടു യുവതീ യുവാക്കന്മാർ രഹസ്യമായി നാടുവിട്ടു. വധുവിന്റെ അഛൻ ഉഗ്രനായൊരു വക്കീലാണ്. വക്കീൽ ചീത്തപ്പേരുള്ള ഒരു കക്ഷിയെ പാട്ടിന് പിടിച്ച് വരന്നെതിരെ ഒരു കൊള്ളക്കേസ് രജിസ്റ്റർ ചെയ്യിച്ചു. പോലീസ് കൂട്ടുനിന്നുവെങ്കിലും വധൂ-വരന്മാർ നാടുവിട്ടു കഴിഞ്ഞിരുന്നു. അതിനാൽ പോലീസ് വരന്റെ സഹോദരനെ പിടികൂടി. ഒടുവിൽ സഹോദരനേയും പോലീസ് പിടിച്ചു. രണ്ടുപേർക്കും മാസങ്ങളോളം ജയിലിൽ കിടക്കേണ്ടിവന്നു. ഇതിന്നിടയിൽ ചില പൊതുപ്രവർത്തകർ മുഖ്യമന്ത്രിയെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തിയതിനാൽ രണ്ടുപേരും രക്ഷപ്പെട്ടു.

പാവങ്ങളെ സംബന്ധിച്ചോ പണക്കാരെ സംബന്ധിച്ചോ ഉള്ള കാര്യം മാത്രമല്ലിത്. യഥാർത്ഥത്തിൽ സർക്കാർ തന്നെ ദണ്ഡന മുറകൾ സ്വീകരിക്കുന്നുണ്ട്. ഉന്നത തലത്തിലുള്ള മനുഷ്യാവകാശ പ്രവർത്തകരും ഒരു കാര്യത്തിലും ഇടപെടാതെ തൻകാര്യം നോക്കി കഴിയുന്നവരുമെല്ലാം സർക്കാരിന്റെ കോപത്തിന്നിരയാകാറുണ്ട്. ഛത്തീസ്ഗഡിലെ മനുഷ്യാവകാശ പ്രവർത്തകനായ ഡോ. വിനായക സെന്നിന്റെ കാര്യം നോക്കൂ. നക്ഷലുകളുടെ സന്ദേശ വാഹകനാണെന്ന കുറ്റം ചുമത്തി ഇദ്ദേഹത്തെ ജയിലിലാക്കിയിട്ടിപ്പോൾ കൊല്ലം രണ്ടാകാറായി. തെളിവൊന്നുമില്ല. പക്ഷെ കേസ് തീരണമെങ്കിൽ കൊല്ലങ്ങൾതന്നെ കാത്തിരിക്കേണ്ടിവരും. ദേശീയ മനുഷ്യാവകാശ കമ്മീഷനാകട്ടെ, കേസ് കോടതിയിലെത്തിയെന്നുപറഞ്ഞ് കയ്യും കെട്ടിയിരിക്കുന്നു. ഇതെല്ലാം കഴിഞ്ഞ് ഡോ. സെൻ മോചിതനായാൽ തന്നെ ഇത്രകാലം നടന്ന ദണ്ഡനത്തിന്ന് ആരു സമാധാനം പറയും?

സർക്കാരിന്റെ അഴിമതികൾ തുറന്നുകാണിച്ച തെഹൽക്കക്ക് സാമ്പത്തിക സഹായം നൽകിയവരെന്ന കുറ്റത്തിന്ന് ശങ്കർ ശർമ്മ, ദേവീന മെഹ്റ എന്നിവരും ഇതുപോലെ ദീർഘകാലം പീഡനമേറ്റവരാണ്. മധു ട്രെഹാൻ അതിന്റെ വിശദാംശങ്ങളെല്ലാം ക്രോഡീകരിച്ചു കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഇവർക്കിതിൽ ഒരു പങ്കുമില്ലെങ്കിലും എത്ര കള്ളകേസ്സുകൾക്കും മിന്നൽ പരിശോധകൾക്കുമാണിവർ ഇരയായത്!

ഇത്തരം ദ്രോഹങ്ങൾക്ക് കൂട്ടുനിൽക്കുന്നവരെക്കൊണ്ട് സമാധാനം പറയിക്കാൻ വ്യവസ്ഥയില്ലെങ്കിൽ ഈ ദണ്ഡന വിരുദ്ധ നിയമവും നിഷ്ഫലമാകുകയേയുള്ളൂ. ❑



# മധ്യപ്രദേശിൽ പെൺകുട്ടികൾക്ക് കൈനിറയെ മന്ന

- കെ.എസ്. ഷൈനി -

മധ്യപ്രദേശിൽ ഉത്തർപ്രദേശിന്റെ അതിർത്തിയോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് വിന്ധ്യാ പ്രദേശം. ഇന്ത്യയിൽ മറ്റു പലേടത്തുമെന്നപോലെ വിന്ധ്യാ പ്രദേശിലും പെൺകുട്ടികൾ ജനിക്കുന്നത് വിനാശകരമായി കണക്കാക്കിവരുന്നു. പെൺകുട്ടി ജനിച്ചാൽ അടുപ്പിൽ വെള്ളമൊഴിക്കുക എന്നൊരു ചടങ്ങും ഇവിടെയുണ്ട്.

ഇപ്പോഴിതാ സംസ്ഥാന ഗവർമ്മേണ്ട് നടപ്പാക്കിയിരിക്കുന്ന ഒരു പദ്ധതി ഇതിനെല്ലാം മാറ്റം വരുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം 21 വയസ്സു തികയുന്ന ഓരോ പെൺകുട്ടിക്കും ഒരു ലക്ഷം രൂപ കയ്യിൽ കിട്ടും. വിദ്യാഭ്യാസകാലത്ത് കിട്ടിക്കൊണ്ടിരിക്കുന്ന നാനാവിധ സഹായങ്ങൾക്ക് പുറമെയാണ് ഈ ഒരു ലക്ഷം.

മധ്യപ്രദേശിലെ ലിംഗാനുപാതം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. 1000 പുരുഷന്മാർക്ക് 953 സ്ത്രീകൾ എന്നതാണ് ദേശീയ ശരാശരി. മധ്യപ്രദേശിൽ 1000 പുരുഷന്മാർക്ക് 919 സ്ത്രീകളേയുള്ളൂ. മാത്രമല്ല, സ്ത്രീകളുടെ എണ്ണം കാലക്രമത്തിൽ കുറയുകയുമാണ്. 12 ജില്ലകളിൽ ഈ അനുപാതം 900 ൽ താഴെയാണ്. മൊറീന, ഭിന്ദ് എന്നീ രണ്ടു ജില്ലകളിൽ അത് 850ന്നു താഴെവരും. ഈ സ്ഥിതിവിശേഷത്തിന്നൊരറുതി വരുത്താനാണ് മുഖ്യമന്ത്രി ശിവരാജിന്റെ ശ്രമം.

പെൺകുട്ടികളെ വളർത്താനും വിവാഹം കഴിച്ചുകൊടുക്കാനും വലിയ ചെലവ് വരും. ആൺകുട്ടിയാണെങ്കിൽ ടൺകണക്കെ സ്ത്രീധനം കിട്ടും എന്ന മനോഭാവമാണ് ഈ സ്ഥിതിവിശേഷത്തിന്നു കാരണം. ഗവർമ്മേണ്ട് നടപ്പാക്കിയിരിക്കുന്ന ഭാഗ്യലക്ഷ്മി പദ്ധതി പ്രകാരം പെൺകുട്ടി ജനിച്ചാൽ ഒരു വയസ്സു തികയുന്നതിന്നുമുമ്പ് പേർ രജിസ്റ്റർ ചെയ്താൽ അഞ്ചാം ക്ലാസ് പാസാകുമ്പോൾ 2000 ക യും ഏഴാം ക്ലാസ് പാസാകുമ്പോൾ 4000 രൂപയും പത്താം ക്ലാസിലെത്തിയാൽ 7500 ക യും കിട്ടും. പത്താം ക്ലാസിന്നുശേഷം പഠിത്തം തുടർന്നാൽ മാസം 200 ക വീതം സ്റ്റൈപ്പൻഡ് കിട്ടും.

ഇതിനെല്ലാം പുറമെ പെൺകുട്ടിയുടെ 21-ാം വയസ്സിന്ന് ഒരു ലക്ഷം രൂപ വേറേയും കിട്ടും. രണ്ടിലേറെ കുട്ടികളില്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ മാത്രമേ ഈ ആനുകൂല്യങ്ങൾക്കർഹരാകൂ. അതുപോലെ 12-ാം ക്ലാസ് പരീക്ഷക്ക് ഹാജരായവർക്കേ ഒരു ലക്ഷം കിട്ടൂ. (പാസായിരിക്കണമെന്ന് നിർബ്ബന്ധമില്ല). മറ്റൊരു വ്യവസ്ഥ നിശ്ചിത വിവാഹപ്രായമായ 18 വയസ്സിന്നുമുമ്പ് വിവാഹിതരാകരുതെന്നാണ്.

ഇതിനൊക്കെയുള്ള പണം എവിടെ നിന്നു കിട്ടും? പെൺകുട്ടികളുടെ പേരിൽ വാങ്ങുന്ന നാഷണൽ സേവിങ്സ് സർട്ടിഫിക്കറ്റ് വഴി ഇതിന്നു പണമുണ്ടാക്കാമെന്നാണ് പ്ലാൻ. പെൺകുട്ടിയുടേയും ഗവർമ്മേണ്ട് നിശ്ചയിക്കുന്ന അധികാരിയുടേയും കൂട്ടായ പേരിലായിരിക്കും സർട്ടിഫിക്കറ്റ് വാങ്ങുന്നത്.

ഈ പദ്ധതി പ്രകാരം ഇതിന്നകം ഒന്നരലക്ഷം പെൺകുട്ടികളുടെ പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഛിന്ദ്വാര ജില്ലയാണ് ഒന്നാം സ്ഥാനത്ത്. അവിടെ 6000 കുട്ടികൾ പേർ രജിസ്റ്റർ

# റഷ്യ: അഴിമതിക്കാരുടെ സ്വൈര വിഹാര മേഖല

**- വ്ളാഡിമിർ റഡ്യൂഹിൻ -**

**ജ**നുവരിയിലെ തണുത്തുറഞ്ഞ ഒരു ദിവസം. സൈബീരിയയിൽ അങ്ങകലെകിടക്കുന്ന ബിസ്ക് പട്ടണത്തിൽ ഒരു സംഘം വിനോദയാത്രക്കാർ ഒരു ഹെലിക്കോപ്റ്ററിൽ കയറിപ്പറ്റുന്നു. റഷ്യയിലെ ആൾട്ടായ് മേഖലയിലെ മഞ്ഞുമലകൾക്കിടയിൽ വേട്ടക്കാണിവരുടെ പോക്ക്.

ആവേശകരമായൊരു ജൈത്രയാത്രയാകേണ്ടിയിരുന്ന ആ യാത്ര ഒരു ദുരന്തത്തിലാണ് കലാശിച്ചത്. ഹെലികോപ്റ്റർ ഒരു കുന്നിൻ ചെരിവിൽ തകർന്നുവീണു. ഹെലികോപ്റ്ററിലുണ്ടായിരുന്ന 11 പേരിൽ ഏഴുപേരും മരിച്ചു. സാധാരണ ഗതിയിൽ അവഗണിക്കപ്പെടുമായിരുന്ന ഈ ദുരന്തം വലിയ വാർത്തയായി. കാരണം പ്രസിഡണ്ട് മെഡ്വേഡേവിന്റെ പ്രതിനിധിയടക്കം പല വമ്പന്മാരും ഹെലിക്കോപ്റ്ററിലുണ്ടായിരുന്നു.

ഈ അപകടം വെറുമൊരു ദുരന്തത്തിൽ കലാശിച്ചില്ല. കാരണം, ഹെലിക്കോപ്റ്ററിലെ യാത്ര കള്ളവേട്ടക്കായിരുന്നു. അതിന്നു പുറമെ അൽത്തായ് മേഖലയിലെ വന്യജീവി സംരക്ഷണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനും ഹെലിക്കോപ്റ്ററിലുണ്ടായിരുന്നു.

ഈ കള്ളവേട്ടാ കേസ് റഷ്യൻ പ്രസിഡണ്ട് മെഡ്‌വേഡേവിന്ന് വല്ലാത്ത ചീത്തപ്പേരുണ്ടാക്കിയിരിക്കുകയാണ്. ഒരുകൊല്ലം മുമ്പ് റഷ്യൻ പ്രസിഡണ്ട് സ്ഥാനമേറ്റ അവസരത്തിൽ നിയമ ധ്വംസകരെയെല്ലാം ജയിലിലടക്കുമെന്ന് മെഡ്‌വേഡേവ് പ്രതിജ്ഞ ചെയ്തിരുന്നു. അന്ന് അദ്ദേഹം റഷ്യയെ നിയമ ധ്വംസകരുടെ നാട് എന്നാണ് വിശേഷിപ്പിച്ചിരുന്നത്. നമ്മുടെ ഏറ്റവും ഗുരുതരമായ പ്രശ്നവും ഇതാണ് എന്നും അദ്ദേഹം പറഞ്ഞിരുന്നു. അഴിമതിക്കാരായ, തടിച്ചുകൊഴുത്ത ഉദ്യോഗസ്ഥ മേധാവിമാരെ അദ്ദേഹം രണ്ടുമാസം മുമ്പാണ് നിശിതമായി വിമർശിച്ചത്. അതു കഴിഞ്ഞ് രണ്ടുമാസത്തിന്നകമാണ് പാർലിമെന്റിലെ അദ്ദേഹത്തിന്റെ പ്രതിനിധിയടക്കമുള്ളവർ കള്ളവേട്ട നടത്തിയത്!

ഹെലിക്കോപ്റ്റർ ഉപയോഗിച്ചു കള്ളവേട്ട നടത്തുന്നത് റഷ്യൻ പ്രമാണിവർഗ്ഗത്തിന്നിടയിൽ പ്രചാരമേറി വരുന്ന കാലമാണിത്. തങ്ങളുടെ അധി ➡

---

ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കുണ്ടായിട്ടുള്ള ജനപ്രീതി വച്ചുനോക്കുമ്പോൾ ഇതിന്നുള്ള ബഡ്ജറ്റ് വിഹിതം അഞ്ചിരട്ടിയെങ്കിലുമാക്കേണ്ടിവരുമെന്നാണ് അധികൃതർ പറയുന്നത്. ഇക്കൊല്ലം ഇതിന്നായി 145 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

കന്യാദാനം എന്ന പേരിൽ ഒരു സമാന്തര പദ്ധതിയും ഗവർമ്മേണ്ട് നടപ്പാക്കിയിട്ടുണ്ട്. വിവാഹപ്രായമെത്തിയ പുത്രിമാരുള്ള ദരിദ്ര ദമ്പതികൾക്ക് ഓരോ മകളുടെ വിവാഹത്തിന്നും 5000/- രൂപ സഹായമായി നൽകുന്ന ഒരു പദ്ധതിയാണിത്. ദരിദ്ര കുടുംബങ്ങൾക്കായി വ്യക്തികളോ സംഘടനകളോ സമൂഹ വിവാഹം സംഘടിപ്പിക്കുന്ന പക്ഷം, ഓരോ വധുവിന്നും വേണ്ടി 1000 രൂപ നൽകുന്ന മറ്റൊരു പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

ബി.ജെ.പി. വീണ്ടും അധികാരത്തിൽ വന്നത് ഈ പദ്ധതികളുടെ സ്വാധീനത്താലാണെന്ന് മുഖ്യമന്ത്രി ചൗഹാൻ കരുതുന്നു. ❑



കാരശക്തിയും ധനശക്തിയും തങ്ങളെ ഏതു പുലിവാലിൽനിന്നും രക്ഷിച്ചുകൊള്ളുമെന്ന് ഈ പ്രമാണിമാർ വിശ്വസിക്കുന്നു. കള്ളവേട്ട സംബന്ധിച്ച വിവരം അത്യപൂർവ്വമായേ പുറത്തുവരാറുള്ളൂ. ഏതെങ്കിലും പത്രക്കാരൻ അതു പുറത്തു വിട്ടാൽതന്നെ ചരടുവലിയിലൂടെ ഏതു കേസും തേച്ചുമാച്ച് കളയാൻ അവർക്ക് ശേഷിയുണ്ട്.

നിയമധ്വംസനത്തിന്ന് റഷ്യക്കാർ പണ്ടേ പ്രസിദ്ധരാണ്. ഏതു റോഡിൽ നിന്നാലും നിങ്ങൾക്കത് അനുഭവപ്പെടും. മദ്യപിച്ച് മോട്ടോർ വാഹനം ഓടിക്കരുതെന്ന് നിയമമുണ്ട്; പക്ഷെ മദ്യപിക്കാതെ വാഹനമോടിക്കുന്നവർ കുറവാണ്. ചുവന്ന ലൈറ്റ് കണ്ടാൽ വാഹനം നിർത്തണമെന്നത് നിയമമാണ്. ചുവന്ന ലൈറ്റിന്നിടയിലൂടെ കാറോടിച്ച് പോകാൻ റഷ്യക്കാർക്കൊരു മടിയുമില്ല. ഏതെങ്കിലും കുറ്റത്തിന്ന് പോലീസ് പിടികൂടിയാൽ, പിഴയടക്കുന്നതിന്നു പകരം പോലീസിന്ന് കൈക്കൂലി നൽകാനാണ് റഷ്യക്കാർ ഇഷ്ടപ്പെടുക പക്ഷെ ഇതൊക്കെ നിസ്സാര കാര്യങ്ങൾ. ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അഴിമതികൾ കണ്ടാൽ ഇത്തരം നിയമധ്വംസനങ്ങൾ നിസ്സാരമായിതോന്നും.

യഥാർത്ഥത്തിൽ മെഡ്‌വേഡേവിന്നു മുമ്പ് പ്രസിഡണ്ടായിരുന്ന പുട്ടിന്റെ ഭരണകാലത്താണ് അഴിമതി വ്യാപകമായത്. മന്ത്രിപദം ലേലം ചെയ്തു വിൽക്കുന്നതായി മെഡ്‌വേഡേവ് ഒരു കൊല്ലം മുമ്പ് പരസ്യമായി പരാതിപ്പെട്ടിരുന്നു. സ്വതന്ത്ര കേന്ദ്രങ്ങളുടെ വിലയിരുത്തലനുസരിച്ചാണെങ്കിൽ, റഷ്യയുടെ വാർഷിക ബഡ്ജറ്റിന്റെ മൂന്നിലൊന്ന് ഉദ്യോഗസ്ഥന്മാരുടേയും മറ്റും പോക്കറ്റിലാണ് ചെന്നു ചേരുന്നത്.

വിവധ രാജ്യങ്ങളിലെ അഴിമതിയുടെ തോതു കണക്കാക്കുന്ന ട്രാൻസ്പാരൻസി ഇന്റർ നാഷണലിന്റെ കഴിഞ്ഞ സെപ്തംബറിലെ കണക്കനുസരിച്ച് ആകെയുള്ള 180 രാജ്യങ്ങളിൽ റഷ്യയുടെ സ്ഥാനം 147-ാമത്തേതാണ്. ബംഗ്ലാദേശം, കെനിയ, സിറിയ തുടങ്ങിയ അപൂർവ്വം ചില രാജ്യങ്ങൾ മാത്രമാണ് റഷ്യയേക്കാൾ അഴിമതിയുള്ള രാജ്യങ്ങൾ.

അഴിമതിക്കറുതി വരുത്താൻ മെഡ്‌വെഡേവ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ഇതിന്നായി പല നിയമങ്ങളും പാർലിമെന്റിൽ അവതരിപ്പിച്ച് പാസാക്കി. നീതിന്യായ സംവിധാനം പരിഷ്ക്കരിച്ചു. നിയമത്തെ നാം യഥാർത്ഥമായും ആദരിക്കണം; നിയമധ്വംസനത്തിന്നുള്ള ത്വര അവസാനിപ്പിക്കണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

മെഡ്‌വെഡേവിന്നു മുമ്പ് പ്രസിഡണ്ടായിരുന്ന പുട്ടിനും അധികാരമേറ്റത് അഴിമതിക്കെതിരായ വേട്ടയോടുകൂടിയായിരുന്നു. പക്ഷെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഗതികെട്ട് പിന്മാറി. അതുപോലെതന്നെ മെഡ് വെഡേവിന്റെ അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്കും അതിരൂക്ഷമായ എതിർപ്പിനെ നേരിടേണ്ടിവരുന്നുണ്ട്. ചില അഴിമതി വിരുദ്ധ നിയമങ്ങൾ പാസാക്കിക്കുന്നതിൽ മെഡ്‌വെഡേവ് വിജയിച്ചുവെങ്കിലും, അതിൽ ഒരുപാട് ദ്വാരങ്ങളുണ്ട്. ഉദാഹരണത്തിന്ന് ഉദ്യോഗസ്ഥന്മാർ സ്വത്തു വിവരം വെളിപ്പെടുത്തണമെന്ന് നിയമമുണ്ട്. എന്നാൽ പ്രായപൂർത്തിയായ അവരുടെ സന്തതികളെ നിയമത്തിന്റെ പരിധിയിൽനിന്ന് വിട്ടുകളഞ്ഞിരിക്കുന്നു. അതിന്നും പുറമെ അഴിമതിക്കാരെ വേട്ടയാടാൻ നിയോഗിക്കപ്പെട്ടിരിക്കുന്നവരാണ് റഷ്യയിലെ ഏറ്റവും വലിയ അഴിമതിക്കാർ!

ഈയിടെ മെഡ്‌വെഡേവ് തന്റെ അഴിമതി വിരുദ്ധ പോരാട്ടത്തിൽ ഒരു നേട്ടം കൈവരിച്ചു. മോസ്കോവിലെ ആർബിട്രേഷൻ കോടതിയിലെ പ്രധാന ജഡ്ജിയെ മെഡ്‌വേഡേവ് ഡിസ്മിസ് ചെയ്തു. ഒരു ജഡ്ജിയായിരിക്കാനുള്ള അവരുടെ യോഗ്യതകളല്ലാം റദ്ദാക്കുകയും ചെയ്തു. റഷ്യയിൽ ഇതിന്നു മുമ്പൊരിക്കലും ഇത്ര സീനിയറായ ഒരു

Reg. No.3551/93/L Dis    Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21.    Date of posting: 28-04-2009

ജഡ്ജിയെ പുറത്താക്കുകയുണ്ടായിട്ടില്ല. ജഡ്ജിമാരുടെ യോഗ്യതയും അയോഗ്യതയും നിർണയിക്കുന്ന സുപ്രീം ക്വാളിഫിക്കേഷൻ ബോർഡിന്റെ അനുമതി നേടിയെടുക്കാൻ മെഡ്‌വെഡേവിന്ന് ഒരു കൊല്ലം പരിശ്രമിക്കേണ്ടിവന്നു. അഴിമതിക്കാരായ ജഡ്ജിമാരിൽ ഒരെണ്ണത്തെ പുറത്താക്കാനാണ് ഈ അത്യധ്വാനമത്രയും വേണ്ടിവന്നത്!

കൈക്കോഴ കോടുക്കുന്നതും വാങ്ങുന്നതും ഒരു ജീവിത രീതിയായിരിക്കുന്ന ഒരു രാജ്യത്ത് അഴിമതി തുടച്ചു നീക്കുക എഴുപ്പമല്ലെന്ന് മെഡ്‌വെഡേവിന്ന് ബോധ്യമുണ്ട്. റഷ്യൻ സമ്പദ് വ്യവസ്ഥയെ കാർന്നു തിന്നുകൊണ്ടിരിക്കുന്നത് അഴിമതിയാണ്. സമൂഹത്തെയാകെ ദുഷിപ്പിക്കുന്നതും അഴിമതിയാണ്. പുതിയൊരു നിയമം കൊണ്ടൊന്നും പരിഹരിക്കാവുന്ന ഒന്നല്ല ഇത്.

ആഗോള സാമ്പത്തിക പ്രതിസന്ധി റഷ്യൻ ഭരണത്തിലും മാറ്റം അനിവാര്യമാക്കിയിട്ടുണ്ട്. ഭരണകൂടത്തിന്റെ തലപ്പത്ത് സമൂലമായ അഴിച്ചുപണി വേണമെന്ന് മെഡ്‌വെഡേവിന്റെ ക്രെംലിൻ ഉപദേഷ്ടാവ് ഈയിടെ നിർദ്ദേശിച്ചു. ഇന്നു തലപ്പത്തിരിക്കുന്നവരെയെല്ലാം മാറ്റി സമൂഹത്തോട് കൂടുതൽ ഉത്തരവാദപ്പെട്ട പുതിയൊരു അധികാരി വർഗ്ഗത്തെ വാഴിക്കണമെന്ന് എക്സ്പർട്ട്സ് ഡയറക്ടറേറ്റിന്റെ തലവനായ ദ്വോർക്കോവിച്ച് ആവശ്യപ്പെട്ടു.

പ്രസിഡണ്ട് മെഡ്‌വെഡേവ് ഈ വഴിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉയർന്ന ഒദ്യോഗിക സ്ഥാനങ്ങളിലേക്ക് പരിഗണിക്കാവുന്ന നൂറുപേരുടെ ഒരു ലിസ്റ്റ് അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. സ്വതന്ത്രരായ വിദഗ്ധരാണ് ഈ ലിസ്റ്റിന്ന് രൂപം നൽകിയത്. യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിലുള്ളതാണത്. ബിസിനസ്സ് രംഗത്ത് വിജയക്കൊടി നാട്ടിയ ഒട്ടേറെ ചെറുപ്പക്കാർ ഇതിൽ പെടും. ഇതൊരു തുടക്കമേ ആയിട്ടുള്ളൂ. 25ന്നും 50ന്നും ഇടക്കു പ്രായമുള്ള 20,000 പേരുടെ ലിസ്റ്റ് തയ്യാറാക്കാനാണ് മെഡ്‌വെഡേവ് വിദഗ്ധരോട് ആവശ്യപ്പെട്ടിട്ടുള്ളത്.

രാഷ്ട്രീയ രംഗത്ത് ഗണനീയമായ പരിഷ്ക്കാരങ്ങൾ കൂടിയേ തീരൂ എന്നാണ് ബുദ്ധിജീവികൾ പറയുന്നത്. പരിഷ്ക്കാരങ്ങൾ വിജയിക്കണമെങ്കിൽ തലപ്പത്തുള്ളവരുടെ ഇഛാശക്തിക്ക് സാധാരണക്കാരിൽ നിന്ന് പിൻബലം കിട്ടണം. ഹെലിക്കോപ്റ്റർ ഉപയോഗിച്ചു നടത്തിയ നിയമ വിരുദ്ധമായ വേട്ട ജനങ്ങളെ ക്ഷോഭിപ്പിച്ചിട്ടുണ്ട്. ഇത് മാറ്റത്തിന്നുള്ള പിൻബലമായി മാറാനിടയുണ്ട്.

അൽടായ് റിപ്പബ്ലിക്കിലെ കോഷ് അംഗാച്ച് മേഖലയിലാണ് ഹെലിക്കോപ്റ്റർ തകർന്നത്. ക്ഷുബ്ധരായ അവിടത്തെ ജനങ്ങൾ ഇനി പത്തുകൊല്ലത്തേക്ക് ഒരു വേട്ടയും അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ജനകീയ നിരോധനം ഒരു പക്ഷെ അൽട്ടായ് റിപ്പബ്ലിക്കിലാകെ നടപ്പാക്കിയേക്കും. ഹെലിക്കോപ്റ്ററിൽ വേട്ടക്കു പോയ സംഘത്തിലെ അംഗമായിരുന്ന അൽടായ് ഡെപ്യൂട്ടി പ്രധാനമന്ത്രി രാജി വച്ചിട്ടുണ്ട്.

പക്ഷെ ഇങ്ങനെയൊക്കെയാണെങ്കിലും പ്രോസിക്യൂട്ടർ വ്യാജവേട്ടക്ക് കേസെടുത്തിട്ടില്ല. വ്യോമസുരക്ഷാ നിയമങ്ങൾ ലംഘിച്ചതിന്നാണ് കേസെടുത്തിരിക്കുന്നത്! കേസെല്ലാം തേച്ചുമാച്ചു കളയുമെന്ന് റഷ്യക്കാർ കരുതുന്നു. മുൻ അനുഭവം അങ്ങനെയാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.